കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

E-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി-10-158/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: -20.02.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/

തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി-10/158/2019 തിയ്യതി: -20.02.2019

## പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

### (1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17-6-2017 മുതൽ തിയതി 16-1-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എല്ലാത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ്,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17-1-2019 മുതൽ 25-1-2019 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.കെ.ജി.റോബർട്ട് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീമതി.യു.പ്രീത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ലിക്സി അലക്സ് | ഓഡിറ്റർ |
| ശ്രീ.സി.എം.ഗോകുൽ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.കവിതാ മാധവൻ | 1-4-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ.എൻ.എം.ഹസ്സൻ മുഹമ്മദ് | 1-4-2017 മുതൽ 31-3-2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.കെ.എം.റസ്സൽ ഹാരിസ് | 1-4-2017 മുതൽ 5-8-2017 വരെ & 6-8.2017 മുതൽ 12.10.2017 വരെ |
| | ശ്രീമതി കവിത. ജി | 12-10-2017 മുതൽ 26-10-2017 വരെ |
| | ശ്രീമതി രോഷ്നി എൻ.ഐ | 27.10.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ശ്രീ. ദിലീപ്.കെ | 1-4-2017 മുതൽ 31-3-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ശാന്ത സി.ജി | 1-4-2017 മുതൽ 31-3-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.റോയ്.എം.കെ | 1-4-2017 മുതൽ 21-6-2017 വരെ |
| | ശ്രീ.ബിനേഷ്.എം | 22-6-2017 മുതൽ 29-6-2017 വരെ & 11-11-2017 മുതൽ 31-03-2018 വരെ |
| | ശ്രീമതി.ശ്രീലക്ഷ്മി.എം.ജി | 30-6-2017 മുതൽ 7-8-2017 വരെ |
| | ശ്രീ.വിനോദ്.ഇ.കെ | 8-8-2017 മുതൽ 4-10-2017 വരെ |

| | | |
|---|---|---|
| | ശ്രീമതി.ആനി.കെ.എസ് | 5-10-2017 മുതൽ<br>10-11-2017 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.ഷീന സ്റ്റാർലിൻ | 1-4-2017 മുതൽ<br>10-9-2017 വരെ<br>7-12-2017 മുതൽ<br>31-3-2018 വരെ |
| | ഡോ. മഞ്ജുമോൾ. എസ് | 11-9-2017 മുതൽ<br>6-12-2017 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.ധന്യ മാധവ് | 1-4-2017 മുതൽ<br>31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.ബി.വിജയകുമാർ | 1-4-2017 മുതൽ<br>12-4-2017വരെ |
| | ഡോ. ശ്രീജ. എസ്. നായർ | 13-4-2017 മുതൽ<br>24-5-2017 വരെ |
| | ഡോ. ജിഹാന. പി | 25-5-2017 മുതൽ<br>2-7-2017 വരെ |
| | ഡോ. ലക്ഷ്മി. ജി. കർത്താ | 3-7-2017 മുതൽ<br>31-3-2018 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.സി.യു.സജിത് കുമാർ | 1-4-2017 മുതൽ<br>25-10-2017 വരെ |
| | ഡോ. അമർലിറ്റി ഐെസക്ക് | 26-10-2017 മുതൽ<br>31-3-2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.മീനി റസ്സൽ | 1-4-2017 മുതൽ<br>31-3-2018 വരെ |
| എച്ച്.എം | ശ്രീമതി. നജീമ. എം | 1-4-2017 മുതൽ<br>31-3-2018 വരെ |
| അസി.സെക്രട്ടറി | ശ്രീമതി.രാധിക. കെ | 1-4-2017 മുതൽ<br>31-3-2018 വരെ |

<u>ഉള്ളടക്കം</u>

<u>ഭാഗം 1</u>

<u>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം</u>

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-4 |
| 5 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ മറ്റ് അപാകതകൾ | 1-12 |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിലുള്ളവിഷയങ്ങൾ | |
| 1 | വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 2-1 |
| 2 | തൊഴിൽ നികുതി രേഖകളുടെ സൂക്ഷിപ്പും നികുതി പിരിവും കാര്യക്ഷമമാക്കേണ്ടതാണ് | 2-2 |
| 3 | പുതുക്കിയ ചട്ടങ്ങളും സർക്കാർ നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് ഡി & ഓ ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ് | 2-3 |

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിലുള്ളവിഷയങ്ങൾ | |
| 1 | വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 2-1 |
| | വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിലുള്ളവിഷയങ്ങൾ | |
| 4 | കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് ചട്ടപ്രകാരം ഈടാക്കേണ്ട താണ് | 2-4 |

<u>ഭാഗം-III</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിലുള്ള വിഷയങ്ങൾ | |
| 1 | ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് - ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായത് അഭിനന്ദനാർഹം | 3-1 |
| | വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിലുള്ള വിഷയങ്ങൾ | |
| 2 | മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണവും നിർവ്വഹണവും കാര്യക്ഷമമാക്കേണ്ടതാണ് | 3-2 |
| 3 | പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചുകൊണ്ട് ആസ്തി സംരക്ഷണ പദ്ധതി നടപ്പാക്കേണ്ടതാണ് | 3-3 |
| 4 | അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിലുള്ള ടെണ്ടർ ഫോറങ്ങളുടെ വില തനത് ഫണ്ടിലേക്ക് മാറ്റേണ്ടതാണ് | 3-4 |
| 5 | കരാർ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയില്ല | 3-5 |
| 6 | കൃഷി ഭവനിൽ അടിസ്ഥാന വിവര രജിസ്റ്റർ കാലികമാക്കേണ്ടതാണ് | 3-6 |
| 7 | പാലിന് സബ്സിഡി - ലക്ഷ്യമിട്ട ഭാഗികമായ കാലയളിൽ മാത്രം ആനുകൂല്യം അനുവദിച്ചു | 3-7 |
| 8 | തെരുവ് വിളക്കുകളുടെ മീറ്ററിംഗ് സംവിധാനം പൂർത്തീകരിക്കേണ്ട താണ് | 3-8 |
| | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിലുള്ള വിഷയങ്ങൾ | |
| 9 | അങ്കണവാടി അടിസ്ഥാന സൗകര്യങ്ങൾ | 3-9 |

| | | |
|---|---|---|
| | മെച്ചപ്പെടുത്തേണ്ടതാണ് | |
| 10 | ആശ്രയ പദ്ധതി - അവലോകനം | 3-10 |
| 11 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കിണറുകളുടെ നിർമ്മാണം നടത്തുമ്പോൾ സുരക്ഷിതത്വം ഉറപ്പാക്കേണ്ടതാണ് | 3-11 |
| 12 | വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 3-12 |
| | ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിലുള്ളവിഷയങ്ങൾ | |
| 13 | ജല അതോറിറ്റിയുടെ കീഴിലുള്ള പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി കൃത്യത ഉറപ്പാക്കേണ്ടതാണ് | 3-13 |
| 14 | കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ് | 3-14 |
| 15 | ഡെപ്പോസിറ്റ് പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 3-15 |
| 16 | വിദ്യാർത്ഥികൾക്ക് യോഗാ പരിശീലനം - ഹോണറേറിയമിനത്തിൽ പരിശീലകർക്ക് അധികം നൽകിയ 11000/-രൂപ അംഗീകരിക്കുന്നില്ല | 3-16 |
| 17 | സമ്പൂർണ്ണ ശുചിത്വ യജ്ഞം - അക്കൗണ്ടിലെ നീക്കിയിരുപ്പ് തിരിച്ചടക്കേണ്ടതാണ് | 3-17 |
| 18 | ഷീ പാഡ് പദ്ധതി - ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ വകയിരുത്തിയ തുക മുഴുവൻ വിനിയോഗിച്ചിട്ടില്ല | 3-18 |
| 19 | ഹോമിയോ ആശുപത്രിക്കാവശ്യമായ മരുന്നുകൾ സമയ ബന്ധിതമായി ലഭ്യമാക്കേണ്ടതാണ് | 3-19 |
| 20 | കാര്യക്ഷമമായ മാലിന്യ സംസ്കരണം സംവിധാനം ഉറപ്പാക്കേണ്ടതാണ് | 3-20 |

## ഭാഗം-IV

## ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

29-3-2017 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് പാസാക്കിയതിന്റെ രേഖകൾ ലഭ്യമായില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2017-18 | 31-3-2017 | 02-06-2018 | - | - |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 09/07/2018 മുതൽ 10/07/2018 | നം.കെ.എസ്.എ-പികെഡി.21/1904(7)/2018 തിയതി:29-8-2018 |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22405542 |
| വരവ് | 113937236 |
| ആകെ | 136342778 |
| ചെലവ് | 128277234 |
| നീക്കിയിരിപ്പ് | 8065544 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (എ.സി.ആർ പ്രകാരം) | 0 | 27017000 | 27017000 | 22827209 | 4189791 |
| വികസനഫണ്ട് എസ്.സി.പി(എ.സി. ആർ പ്രകാരം) | 0 | 13577703 | 13577703 | 13577703 | 0 |
| വികസനഫണ്ട് ടി.എസ്.പി(എ.സി. ആർ പ്രകാരം) | 0 | 95961 | 95961 | 0 | 95961 |

| | | | | | |
|---|---|---|---|---|---|
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ്(എ.സി.ആർ പ്രകാരം) | 0 | 21822000 | 21822000 | 21705428 | 116572 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് (എ.സി.ആർ പ്രകാരം) | 0 | 5823000 | 5823000 | 5823000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 12688995 | 12688995 | 12688995 | 0 |
| കെ.എൽ.ജി.എസ്.ഡി.പി (എ.സി.ആർ പ്രകാരം) | 0 | 3566140 | 3566140 | 3566140 | 0 |
| എസ്.ബി.ടി സീറോ ബാലൻസ് | 0 | | | | |
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 70 | 1239051 | 1239121 | 1238333 | 788 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 23111617 | 23111617 | 23111617 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ(PDC ബാങ്ക്) | 1848955 | 1360895 | 3209850 | 1713686 | 1496164 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ബ്ലോക്ക് പഞ്ചായത്ത് | 0 | 3480400 | 3480400 | 2416842 | 1063558 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ജില്ലാ പഞ്ചായത്ത് | 0 | 2717600 | 2717600 | 2717600 | 0 |

| | | | | | |
|---|---|---|---|---|---|
| ജനറൽ പർപ്പസ് ഗ്രാന്റ് | 8219434 | 14125000 | 22344434 | 20824534 | 1519900 |
| തനത് ഫണ്ട്-എസ്.ബി.ഐ | 2635245 | 8999137 | 11634382 | 9220677 | 2413705 |
| തനത് ഫണ്ട്-കെ.എസ്.സി.ബി | 9583646 | 647114 | 10230760 | 7673847 | 2556913 |
| ബി ഫണ്ട് | 0 | 72016760 | 72016760 | 72016760 | 0 |
| ബാങ്ക്-മറ്റുള്ളവ-1 | 48825 | 2436 | 51261 | 0 | 51261 |
| ബാങ്ക്-മറ്റുള്ളവ-3 | 100 | 10 | 110 | 0 | 110 |
| ബാങ്ക്-മറ്റുള്ളവ-3 | 43959 | 2136 | 46095 | 404 | 45691 |

# 1-6 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 273 | 140485583 | 208 | 90384453 | - | 65 | 76 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 76% എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ % മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 7 | 17722000 | 8882650 | 50 |

| | | | | | |
|---|---|---|---|---|---|
| വി.ഇ.ഒ | 14 | 7 | 11631000 | 5089955 | 44 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 4 | 5089955 | 4548279 | 89 |
| സെക്രട്ടറി | 23 | 16 | 9129273 | 6820768 | 75 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 183 | 137 | 78578727 | 52627340 | 67 |
| മെഡിക്കൽ ഓഫീസർ-PHC | 3 | 3 | 464600 | 435672 | 94 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 400000 | 400000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| വെറ്ററിനറി സർജ്ജൻ | 7 | 7 | 4680000 | 1412747 | 30 |
| ഡയറി ഫാം ഇൻസ്റ്റക്ടർ | 1 | 1 | 2250000 | 2250000 | 100 |
| എച്ച്.എം | 8 | 8 | 2082163 | 1867390 | 90 |
| അസി.സെക്രട്ടറി | 17 | 16 | 7136070 | 5855689 | 82 |
| ആകെ | 273 | 208 | 139363788 | 90390490 | 65 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 70 | 1239051 | 1239121 | 1238333 | 788 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 23111617 | 23111617 | 23111617 | 0 |
| ആകെ | 70 | 24350668 | 24350738 | 24349950 | 788 |

# 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 89760 | 162 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 16815400 | 5737 |
| 3 | വിധവാ പെൻഷൻ | 17528000 | 5663 |
| 4 | വാർദ്ധക്യകാല പെൻഷൻ | 30426800 | 8776 |
| 5 | വികലാംഗ പെൻഷൻ | 4863500 | 1536 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 557100 | 192 |

# 1-9 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-1-2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 10236/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

2017-18 വർഷത്തിൽ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായി എന്നത് നേട്ടമായി വിലയിരുത്തുന്നു. ആയതിലൂടെ പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.
വിവിധ രേഖകൾ കൃത്യതയോടെ സൂക്ഷിക്കുവാൻ ഉദ്യോഗസ്ഥർ പൊതുവെ ശ്രദ്ധിച്ചിട്ടുണ്ടെങ്കിലും തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് എന്നിവ കൈകാര്യം ചെയ്യുന്നതിനാവശ്യമായ അടിസ്ഥാന രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ കാര്യക്ഷമത പുലർത്തിയിട്ടില്ല.

ബജറ്റ് നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിൽ കുറേക്കൂടി കാര്യക്ഷമത പ്രകടിപ്പിക്കേണ്ടതാണ്. തൻവർഷം പഞ്ചായത്തിന്റെ റവന്യൂ വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ചർച്ചകൾ ഉണ്ടാവുകയോ ബജറ്റിൽ പുതിയ വരുമാന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

വസ്തു നികുതിയിലെ ഡിമാന്റ് സഞ്ചയയുമായി പൊരുത്തപ്പെടാത്ത സാങ്കേതിക പ്രശ്നം പരിഹരിക്കപ്പെട്ടിട്ടില്ല. വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ ബാക്കിയുണ്ട്.
തൊഴിൽ നികുതി ഡിമാന്റിൽ നിന്നും വിട്ടുപോയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള ശ്രമം നടത്തിയിട്ടില്ല.
ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിൽ സാങ്കേതിക പ്രശ്നങ്ങൾ ഉള്ളതായി അധികൃതർ അറിയിച്ചിട്ടുണ്ട്. ആസ്തികളുടെ മൂല്യശോഷണം കണക്കാക്കുന്നതിനുള്ള സംവിധാനമില്ല.

ഉപയോഗത്തിലുള്ള സോഫ്റ്റ്‌വെയറുകളിൽ വസ്തു നികുതി കണക്കാക്കുന്നതിനായി ഉപയോഗിക്കുന്ന സാംഖ്യയിൽ നിലനിൽക്കുന്ന സാങ്കേതികമായ അപാകത പരിഹരിക്കപ്പെട്ടിട്ടില്ല. കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള സങ്കേതം സോഫ്റ്റ്‌വെയറിൽ പെർമിറ്റ് ഫീസ് കണക്കാക്കുന്നത് ഫ്ളോർ ഏരിയയ്ക്ക് പകരം പ്ലിന്ത് ഏരിയയെ അടിസ്ഥാനമാക്കിയാണ്. അപാകതകൾ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടില്ല.

വിവിധ മാന്വലുകളുടെ ഉപയോഗം

ഗ്രാമപഞ്ചായത്തിന്റേയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടേയും വിവിധ ചുമതലകളുടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനായി കെ.എൽ.ജി.എസ്.ഡി.പിയുടെ സഹായത്തോടെ തയ്യാറാക്കുകയും സർക്കാർ അംഗീകരിച്ചിട്ടുമുള്ള വിവിധ മാന്വലുകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | മാന്വലിന്റെ പേര് | സർക്കാർ ഉത്തരവ് / തിയതി |
|---|---|---|
| 1 | ബജറ്റ് മാന്വൽ | സ.ഉ(ആർ.ടി)നം.3291/16/ എൽ.എസ്.ജി.ഡി/02-12-2016 |
| 2 | ജന്റർ ബജറ്റ് മാന്വൽ | സ.ഉ(ആർ.ടി)നം.1750/17/ എൽ.എസ്.ജി.ഡി/27-05-2017 |
| 3 | ഫിനാൻസ് മാനേജ്മെന്റ്(റവന്യൂ) മാന്വൽ | സ.ഉ(ആർ.ടി)നം.1833/17/ എൽ.എസ്.ജി.ഡി/02-06-2017 |
| 4 | അസറ്റ് മാനേജ്മെന്റ് മാന്വൽ | സ.ഉ(ആർ.ടി)നം.166/17/ എൽ.എസ്.ജി.ഡി/20-01-2017 |

| | | |
|---|---|---|
| 5 | ഗ്രീവൻസ് റിഡ്രസ്സൽ മാന്വൽ | സ.ഉ(ആർ.ടി)നം.1558/17/ എൽ.എസ്.ജി.ഡി/12-05-2017 |
| 6 | ഓഫീസ് മാനേജ്മെന്റ് മാന്വൽ | സ.ഉ(ആർ.ടി)നം.1699/2017/ എൽ.എസ്.ജി.ഡി/24-05-2017 |
| 7 | പബ്ലിക് റിപ്പോർട്ടിംഗ് മാന്വൽ | സ.ഉ(ആർ.ടി)നം.1747/2017/ എൽ.എസ്.ജി.ഡി/27-05-2017 |
| 8 | കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണം-പിഎച്ച്സി മാന്വൽ | സ.ഉ(ആർ.ടി)നം.1846/2017/ എൽ.എസ്.ജി.ഡി/03-06-2017 |
| 9 | കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണം- ആയുർവേദ ഡിസ്പെൻസറി/ ആശുപത്രി മാന്വൽ | സ.ഉ(ആർ.ടി)നം.1615/2017/ എൽ.എസ്.ജി.ഡി/17-05-2017 |
| 10 | കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണം- ഹോമിയോപതി ഡിസ്പെൻസറി/ ആശുപത്രി മാന്വൽ | സ.ഉ(ആർ.ടി)നം.1616/2017/ എൽ.എസ്.ജി.ഡി/17-05-2017 |
| 11 | കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണം- അങ്കണവാടി മാന്വൽ | സ.ഉ(ആർ.ടി)നം.1830/2017/ എൽ.എസ്.ജി.ഡി/02-06-2017 |
| 12 | കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണം- കൃഷിഭവൻ മാന്വൽ | സ.ഉ(ആർ.ടി)നം.1831/2017/ എൽ.എസ്.ജി.ഡി/02-06-2017 |
| 13 | കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണം- പ്രൈമറി സ്കൂൾ മാന്വൽ | സ.ഉ(ആർ.ടി)നം.1748/2017/ എൽ.എസ്.ജി.ഡി/27-05-2017 |
| 14 | കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണം-വെറ്ററിനറി ഡിസ്പെൻസറി/ആശുപത്രി മാന്വൽ | സ.ഉ(ആർ.ടി)നം.1832/2017/ എൽ.എസ്.ജി.ഡി/02-06-2017 |
| 15 | കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണം- മത്സ്യഭവൻ മാന്വൽ | സ.ഉ(ആർ.ടി)നം.1749/2017/ എൽ.എസ്.ജി.ഡി/27-05-2017 |
| 16 | പെർഫോമൻസ് ഓഡിറ്റ് മാന്വൽ | സ.ഉ(ആർ.ടി)നം.166/17/ എൽ.എസ്.ജി.ഡി/20-01-2017 |

| | | |
|---|---|---|
| 17 | പ്രൊക്യൂർമെന്റ് മാന്വൽ | സ.ഉ(ആർ.ടി)നം.2487/2017/ എൽ.എസ്.ജി.ഡി/20-08-2016<br>(കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം മരവിപ്പിച്ചു) |

മാന്വലുകളിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഭരണ സംവിധാനം മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 16-1-2019 | 12/2018 | ലഭ്യമായിട്ടില്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-9-2018 മുതൽ 1-10-2018 വരെ | 2013-14 മുതൽ 2017-18 വരെ | 7-11-2018 |

## 1-12 വാർഷിക കണക്കുകകളിലെ അപാകതകൾ

(ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ)

ഒന്നുമില്ല.

# ഭാഗം-2

# വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

വസ്തു നികുതി പിരിവിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

1. വസ്തു നികുതി-കുടിശ്ശിക പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

2017-2018 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം താഴെ കൊടുത്തിരിക്കും വിധം വസ്തുനികുതി കുടിശ്ശികയാണുള്ളത്:

| കെട്ടിടത്തിൻെറ തരം | തൻവർഷ കുടിശ്ശിക രൂപ | മുൻ വർഷങ്ങളിലെ കുടിശ്ശിക രൂപ |
|---|---|---|
| റെസിഡെൻഷ്യൽ | 408840 | 343674 |
| നോൺ റെസിഡെൻഷ്യൽ | 193011 | 172443 |
| ആകെ | 11,17,968 | |

മേൽ കൊടുത്തിരിക്കുന്ന കുടിശ്ശിക ഈടാക്കാൻ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 8/22-01-2019 നുള്ള മറുപടിയായി, കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 22 വാർഡുകളിലെയും 2017-18 വർഷം ഉൾപ്പെടെ, അടവാക്കുവാനുണ്ടായിരുന്ന കുടിശ്ശികയുടെ 77.8% പിരിച്ചെടുത്തതായുള്ള സഞ്ചയ സോഫ്റ്റ്‌വെയർ സ്റ്റേറ്റ്മെൻറ് ഹാജരാക്കിയിട്ടുണ്ട്. 2017-18 വർഷത്തിൽ 2 തവണ എല്ലാ വാർഡുകളിലും ഒക്ടോബർ-മാർച്ച് മാസങ്ങളിൽ ക്യാമ്പ് കളക്ഷൻ നടത്തിയിട്ടുണ്ടെന്നും കുടുംബശ്രീ പ്രവർത്തകർ മുഖേന എല്ലാ നികുതിദായകർക്കും ഡിമാൻറ് നോട്ടിസ് നൽകിയിട്ടുണ്ടെന്നും, തുടർന്നും നികുതി അടയ്ക്കാതിരുന്നവർക്ക് ആർ.ആർ.നോട്ടീസ് നല്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വാർഡ് മെമ്പർമാർ മുഖേന നികുതിദായകരുമായി ബന്ധപ്പെട്ട് നികുതി അടവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ക്ലാർക്കുമാർ നടത്തുകയും, വാർഡ് ക്ലാർക്കുമാർ ഫീഡിൽ പോയി വസ്തുനികുതി പിരിവ് നടത്തുകയും ചെയ്തിട്ടുണ്ടെന്നും ഓഡിറ്റ് അന്വേഷണത്തിനു മറുപടിയായി അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. <u>മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ അസസ്സ് ചെയ്ത നികുതിയും, നിലവിലുള്ള വസ്തുനികുതി കുടിശ്ശികയും താഴെ ചേർക്കുന്നു.

| വാർഡ് നം/പേര് | ടവറിൻെറ ഉടമ | ഇൻസ്റ്റലേഷൻ നടത്തിയ വർഷം | ടവർ നം | വസ്തുനികുതി അസസ്സ് ചെയ്തതിൻെറ വിവരം | വസ്തുനികുതി കുടിശ്ശിക (31.03.2018 പ്രകാരം) |
|---|---|---|---|---|---|
| 5/ചെറുകുന്നം | ഭാരതി ഇൻഫ്രാടെൽ ലി.(എയർടെൽ), കുണ്ടന്നൂർ, മരട്, കൊച്ചി | 2007-08 | 50 | 15593 | 15593<br>17-18 മുതൽ |
| 10/പാലക്കുഴി | ബി.എസ്.എൻ.എൽ സബ്ഡിവിഷനൽ എഞ്ചിനീയർ, പാലക്കാട്. | 2003-04 | 344 | 7552 | 37760<br>13-14 മുതൽ |
| 15/മൂലങ്കോട് | ഇൻഡസ് ടവേഴ്സ് ലി.,പാലാരിവട്ടം, കൊച്ചി | 2007-08 | 533 | 8505 | 42525<br>13-14 മുതൽ |

| | | | | | |
|---|---|---|---|---|---|
| 16/കോരഞ്ചിറ | ഇൻഡ്യ ടെൽകോം ഇൻഫ്രാ ലി., കാക്കനാട്, കൊച്ചി. | 2009-10 | 337 | 8086 | 8086<br>17-18 മുതൽ |
| 16/കോരഞ്ചിറ | സബ്ഡിവിഷനൽ എഞ്ചിനീയർ, പാലക്കാട്. | 2007-08 | 374 | 9450 | 47250<br>13-14 മുതൽ |
| 21/ഇളങ്കാവ് | ബി.എസ്.എൻ.എൽ സബ്ഡിവിഷനൽ എഞ്ചിനീയർ, പാലക്കാട്. | 2010-11 | 160 | 5880 | 29400<br>13-14 മുതൽ |
| 10/പാലക്കുഴി | ബി.എസ്.എൻ.എൽ സബ്ഡിവിഷനൽ എഞ്ചിനീയർ, പാലക്കാട്. | 2003-04 | 589 | 7875 | 39375<br>13-14 മുതൽ |
| | | | | ആകെ | 219980 |

വസ്തുനികുതി കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>3. സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

അപ്രകാരം സേവന ഉപനികുതി ചുമത്തുന്നതിനുള്ള സാധ്യത പഞ്ചായത്ത് പരിശോധിക്കേണ്ടതാണ്.

4. സത്യവാങ്മൂലങ്ങൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്

സ.ഉ(എം.എസ്)നം.144/15/തസ്വഭവ തിയതി 27-4-15, സ.ഉ(എം.എസ്)നം.358/15 /തസ്വഭവ തിയതി 16-12-15 എന്നിവ പ്രകാരം ഉടമയുടെ സത്യവാങ്മൂലം ലഭ്യമാക്കി 60 ച.മീ. (660 സ്ക്വയർ ഫീറ്റ്) വരെ തറ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളുടെ നികുതി ഒഴിവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണെന്നും, എത്ര വീടുകളെ അത്തരത്തിൽ ഒഴിവാക്കിയെന്ന് അറിയിക്കേണ്ടതാണെന്നുമുള്ള ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി 6602 വാസഗൃഹങ്ങളുടെ കെട്ടിടനികുതി ഒഴിവാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് മറുപടിയായി അറിയിച്ചിട്ടുണ്ട്. മാത്രമല്ല, പ്രസ്തുത കെട്ടിട ഉടമസ്ഥരിൽ നിന്നും സത്യവാങ്മൂലം വാങ്ങി സൂക്ഷിച്ചിരുന്ന എന്നും ആയത് റെക്കോർഡ് റൂം പരിശോധിച്ചതിൽ കണ്ടെത്താൻ കഴിഞ്ഞില്ല എന്നും ഉടൻതന്നെ കണ്ടെത്തി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.
സത്യവാങ്മൂലം ലഭ്യമാക്കാതെ നികുതി ഒഴിവാക്കി നൽകുന്നില്ല എന്ന് മേലധികാരികൾ ഉറപ്പാക്കേണ്ടതാണ്.

5. സഞ്ചയ പ്യൂരിഫിക്കേഷൻ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

സഞ്ചയയിലെ ഡാറ്റയുടെ കൃത്യത പരിശോധിച്ച് പ്യൂരിഫിക്കേഷൻ നടത്തുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി പഞ്ചായത്ത് താഴെപ്പറയുന്ന കണക്ക് നല്കിയിട്ടുണ്ട്.

പഞ്ചായത്തിലെ കെട്ടിടങ്ങളുടെ എണ്ണം -14607

ഓപ്പറേറ്റർ പ്യൂരിഫിക്കേഷൻ കഴിഞ്ഞിട്ടുള്ളവയുടെ എണ്ണം -10273

പ്യൂരിഫിക്കേഷൻ ലഭ്യമാക്കി അപ്രൂവ് നടത്തിയിട്ടുള്ളവയുടെ എണ്ണം -10023

പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുള്ളവയുടെ എണ്ണം - 4584.

സഞ്ചയയിലെ ഡാറ്റയുടെ പ്യൂരിഫിക്കേഷൻ പൂർത്തീകരിക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
വസ്തു നികുതി അസസ്സ്മെന്റ്, ഡിമാന്റ്, പിരിവ് എന്നീ നടപടിക്രമങ്ങളിലെ കാര്യക്ഷമത ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തേണ്ടതും ആവശ്യമായ തുടർ നിർദ്ദേശങ്ങൾ നൽകേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 2-2 തൊഴിൽ നികുതി രേഖകളുടെ സൂക്ഷിപ്പും നികുതി പിരിവും കാര്യക്ഷമമാക്കേണ്ടതാണ്

പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), (2) വകുപ്പുകൾ പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60

ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അപ്രകാരം, കിഴക്കഞ്ചേരി പഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യതയും രേഖകളുടെ സൂക്ഷിപ്പും പരിശോധിക്കുവാൻ ഓഡിറ്റ് ലക്ഷ്യമിടുകയും ആയതനുസരിച്ച് ഡിമാൻറ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിക്കുകയും ചെയ്തു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. സ്ഥാപന രജിസ്റ്ററിന്റെ സൂക്ഷിപ്പ്

പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്ററിന്റെ ആദ്യഭാഗത്ത് 37 സ്ഥാപനങ്ങളുടെ പേര് എഴുതി ചേർത്തിട്ടുണ്ടെങ്കിലും പ്രത്യേകം രജിസ്റ്റർ ഇക്കാര്യത്തിനായി ഉപയോഗത്തിനെടുത്തിട്ടില്ല എന്ന ഓഡിറ്റ് അന്വേഷണം (2/19.01.19) നുളള മറുപടിയായി, മേലിൽ ടി സ്ഥാപനങ്ങളുടെ വിവരം കാണിക്കുന്ന പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്.

2. ഡിമാന്റ് രജിസ്റ്ററിലെ അപാകത

ഡിമാന്റ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. ഏതാനും സ്ഥാപനങ്ങളുടെ കാര്യത്തിൽ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പലതിലും മാസവരുമാനമാണ് ചേർത്തിരിക്കുന്നത്. രണ്ടാം അർദ്ധവർഷത്തിൽ അർദ്ധവാർഷിക വരുമാനം ഡിമാന്റ് രജിസ്റ്ററിൽ എഴുതി ചേർത്തിട്ടില്ല. നികുതി തുക മാത്രമാണ് ചേർത്തിട്ടുള്ളത്. ഡിമാന്റ് രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും ചേർക്കേണ്ടതാണ്.

തൊഴിൽ നികുതി സ്വീകരിച്ച് അവ രേഖപ്പെടുത്തുന്നതിൽ അപാകതയുള്ളതായി കണ്ടെത്തി. ഒരു അർദ്ധ വർഷത്തെ തൊഴിൽനികുതി രണ്ടായി വിഭജിച്ച് രണ്ട് അർദ്ധവർഷങ്ങളിലായി എഴുതിയിരിക്കുന്ന രീതി തെറ്റാണ്.

ഉദാഹരണം: വിജയാ ബാങ്ക്, കിഴക്കഞ്ചേരി എന്ന സ്ഥാപനത്തിന്റെ അർദ്ധവാർഷിക തൊഴിൽ നികുതിയായ 1250/- രൂപ, 7/9/17 തിയതിയിലെ 117040400001 രസീതി മുഖേന വാങ്ങിച്ചിട്ടുണ്ടെങ്കിലും 625 രൂപ, 625 രൂപ എന്ന രീതിയിലാണ് ഡിമാൻറ് രജിസ്ററ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇങ്ങനെ വിഭജിച്ച് എഴുതുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേഷണത്തിനു മറുപടിയായി വിജയാ ബാങ്കിൻെറ സ്ഥാപന നികുതി രണ്ട് അർദ്ധ വർഷങ്ങളിലായി 117040400001 (07.09.2017), 11704040004(16.03.2018) എന്നീ രസീതികളിലായി അടവാക്കിയിട്ടുണ്ടെന്നും, ഡിമാൻറ് രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോഴുള്ള അപാകത ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
രജിസ്റ്ററിന്റെ കൃത്യത മേലധികാരികൾ പരിശോധിച്ച് ഉറപ്പാക്കേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

3. സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കിയിട്ടില്ല

1. തൊഴിൽ നികുതി ഡിമാൻറ് രജിസ്റ്ററിലെ ക്രമ നമ്പർ 29 ലെ പാലക്കുഴി ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, കരിങ്കയം ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, ഇളവമ്പാടം ബ്രാഞ്ച് പോസ്റ്റ് ഓഫീസ് എന്നീ സ്ഥാപനങ്ങളിലെ

ജീവനക്കാരുടെ ഒന്നാം അർദ്ധവർഷത്തിൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. ഇതിന്മേലുള്ള ഓഡിറ്റ് അന്വേഷണത്തിന മറുപടിയായി ടി ഓഫീസുകളിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി ഉടൻ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മേൽ പ്രസ്താവിച്ച ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. തൊഴിൽ നികുതി ഡിമാൻറ് രജിസിറ്ററിലെ ക്രമനമ്പർ 14-ഗവ.ഹയർ സെക്കൻഡറി സ്കൂൾ കിഴക്കഞ്ചേരിയിലെ ജീബ.എ.ആർ(എച്ച്.എസ്.എസ്.ടി), ജോമോൾ.പി.ജെ.(ലാബ് അസിസ്റ്റൻറ്) എന്നിവർ സ്ഥലംമാറ്റം ആയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം സ്ഥലംമാറ്റം നേടി മാറിപ്പോയവർ അറുപത് ദിവസത്തിൽ കൂടുതൽ ഈ പഞ്ചായത്തിൽ തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ ആനുപാതിക നികുതി ഈടാക്കുകയോ പുതിയ സ്ഥലത്ത് നികുതി അടവാക്കിയതിൻെറ രസീതി ഹാജരാക്കുകയോ ചെയ്യേണ്ടതാണെന്ന ഓഡിറ്റ് അന്വേഷണത്തിന മറുപടിയായി ടിയാളുകളുടെ വിവരം ശേഖരിച്ച് വേണ്ട നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

4. റേഷൻ കടകളുടെ തൊഴിൽ നികുതി ഈടാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റീട്ടെയിൽ റേഷൻ ഡിപ്പോകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ലെന്ന് രേഖകളുടെ പരിശോധനയിൽ കണ്ടെത്തി. പഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ട 15 റേഷൻ കടകളുടെ ലിസ്റ്റ് താലൂക്ക് സപ്ലൈ ഓഫീസർ, പഞ്ചായത്ത് സെക്രട്ടറിക്ക് 02.11.2017 തിയതിയിലെ സി.എസ്.5-2424/17 കത്ത് മുഖേന നല്കിയിട്ടുണ്ട്. ഈ 15 റേഷൻ കടകളുടെ തൊഴിൽ നികുതി 2017-18 വർഷത്തെ രണ്ട് അർദ്ധ വർഷങ്ങളിലും ഈടാക്കിയിട്ടില്ല എന്ന ഓഡിറ്റ് അന്വേഷണത്തിന മറുപടിയായി റേഷൻ കടകളുടെ തൊഴിൽ നികുതി ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും തൊഴിൽ നികുതി അടവാക്കുന്നതിനായി 15 റേഷൻ കടകൾക്കും കത്ത് നല്കിയിട്ടുണ്ട് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

# 2-3 പുതുക്കിയ ചട്ടങ്ങളും സർക്കാർ നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് ഡി & ഓ ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്

ഡി&ഒ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവയുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

1. പുതുക്കിയ ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികൾ

31.10.2017 ലെ ജി.ഒ(പി) നം 80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം.674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം 2017 പ്രകാരം അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ എന്നത് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിക്കു മുമ്പ്, ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് വ്യാപാരങ്ങൾക്ക് പരമാവധി ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്. പുതുക്കിയ ചട്ടങ്ങൾ പ്രകാരം ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ വ്യക്തമാക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേഷണത്തിനുള്ള(6/21.01.2019) മറുപടിയായി 2019-2020 സാമ്പത്തികവർഷം മുതൽ പുതുക്കിയ ചട്ടം പ്രകാരം ഫീസ് വാങ്ങിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. പഞ്ചായത്ത് പരിധിയിലെ റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു-തുടർനടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്

കിഴക്കഞ്ചേരി പഞ്ചായത്ത് പരിധിയിൽ 15 റേഷൻ കടകൾ പ്രവർത്തിക്കുന്നതായി താലൂക്ക് സപ്ലൈ ഓഫീസർ ഗ്രാമപഞ്ചായത്തിന് നൽകിയ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. റേഷൻ കടകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥലം | ലൈസൻസിയുടെ പേര് |
|---|---|---|
| 1 | മമ്പാട് | എ.കേശവൻ |
| 2 | കുണ്ടുകാട് | ജി.മാധവൻ |
| 3 | മൂലങ്കോട് | പി.മാധവൻ |
| 4 | കണിയമംഗലം | കെ.അപ്പു |
| 5 | പുന്നപ്പാടം | പി.മണിയൻ |
| 6 | കുന്നംകാട് | കെ.നാരായണൻ |
| 7 | കോരഞ്ചിറ | ഏലിയാമ്മ |
| 8 | വാൽകുളമ്പ് | പി.വർഗ്ഗീസ് |

| | | |
|---|---|---|
| 9 | കിഴക്കഞ്ചേരി | ഡി.ചന്ദ്രൻ |
| 10 | വേളാംപുഴ | കെ.ഇ.ജേക്കബ്ബ് |
| 11 | പാണ്ടാംകോട് | സുനൈദ |
| 12 | ചിറ്റ | കെ.അജിത |
| 13 | കളവപ്പാടം | സരോജിനി |
| 14 | പാലക്കുഴി | ജാൻസി ജോസഫ് |
| 15 | കണച്ചിപരുത | മേഴ്സി മാത്യൂ |

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകൾക്ക് ഡി&ഒ ലൈസൻസ് ആവശ്യമാണ്. എന്നാൽ മേൽപ്പറഞ്ഞ റേഷൻ കടകൾക്ക് ഒന്നിനും ഡി & ഓ ലൈസൻസ് എടുത്തിട്ടില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണെന്നും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അറിയിക്കേണ്ടതാണെന്നുമുള്ള ഓഡിറ്റ് അന്വേഷണത്തിനു മറുപടിയായി ലൈസൻസ് ഇല്ലാത്ത റേഷൻ കട ഉടമകൾക്ക് കത്ത് അയച്ച് ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് പഞ്ചായത്ത് വ്യക്തമാക്കിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>3. 2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ പ്രാകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണത്തിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്</u>

2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ പ്രകാരം 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണത്തിനായി സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേഷണത്തിനു മറുപടിയായി വ്യാപാരം/വ്യവസായം ആരംഭിക്കുമ്പോൾ 50 മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക്കുകളും നിരോധിത പ്ലാസ്റ്റിക്കുകളും ഉത്പാദിപ്പിക്കുകയോ ശേഖരിക്കുകയോ വിൽക്കുകയോ ചെയ്യുന്നില്ല എന്ന സത്യവാങ്മൂലം ലൈസൻസിയിൽനിന്നും വാങ്ങുന്നുണ്ട് എന്ന് പഞ്ചായത്ത് വ്യക്തമാക്കിയിട്ടുണ്ട്.

ഈ വിഷയത്തിൽ സർക്കുലർ നം.576/ഡിസി-1/16/തസ്വഭവ തിയതി 24-9-2016 ലും ഇക്കാര്യത്തിനായി തുടർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-7-2017 പ്രകാരം നിലിവിലുള്ളതും പുതുതായി ഡി&ഒ ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതും കൃത്യമായ പരിശോധന നടത്തി ഫലം പ്രസിദ്ധപ്പെടുത്തേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.ഈ വിഷയത്തിൽ

ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് ചട്ടപ്രകാരം ഈടാക്കേണ്ടതാണ്

2017-18 സാമ്പത്തിക വർഷത്തെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പ്രകാരം 277 പെർമിറ്റുകളാണ് പഞ്ചായത്ത് അനുവദിച്ചിരിക്കുന്നത്. റെഗുലറൈസേഷൻ രജിസ്റ്റർ പ്രകാരം 87 കെട്ടിടങ്ങൾ ക്രമവൽക്കരിച്ചു നൽകിയിട്ടുണ്ട്. നിലവിൽ സങ്കേതം സോഫ്റ്റ്വെയർ മുഖേനയാണ് എല്ലാ അപേക്ഷകളും സ്വീകരിക്കുന്നത്. രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ പോരായ്മകൾ താഴെ ചേർക്കുന്നു.

മാന്വൽ ആയി പെർമിറ്റ് അനുവദിച്ചിരുന്ന സമയത്ത് പെർമിറ്റില്ലാത്ത നിർമ്മാണങ്ങളുടേയും അതിൻെറ വ്യതിയാന ങ്ങളുടേയും ക്രമവൽക്കരണത്തിനായി രാജിയാക്കൽ ഫീസ് ആയി പെർമിറ്റ് ഫീസ് ആയി മൂന്നിരട്ടി ഫീസാണ് ഈടാക്കിയിരുന്നത്.

2011 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 137 പ്രകാരം കോമ്പൗണ്ടിംഗ് ഫീസ്, നിലവിലുള്ള പെർമിറ്റ് ഫീസിൻെറ ഇരട്ടിയായിരിക്കും എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. പരിശോധനാവേളയിൽ റെഗുലറൈസേഷൻ രജിസ്റ്ററിൽ താഴെ കൊടുത്തിരിക്കുന്ന പെർമിറ്റുകൾക്ക് റെഗുലറൈസേഷൻ ഫീസ് 3 ഇരട്ടിയായിട്ടാണ് പഞ്ചായത്ത് ഈടാക്കിയിരിക്കുന്നതെന്ന് കണ്ടെത്തി.

| ക്രമ നം. | അപേക്ഷകൻെറ പേര് | അപേക്ഷ സമർപ്പിച്ച തിയതി | ബിൽഡിംഗിൻെറ വിശദാംശങ്ങൾ | ഈടാക്കിയ ഫീസ് |
|---|---|---|---|---|
| 1 | വർഗ്ഗീസ് | 06/05/17 | റെസിഡെൻ ഷ്യൽ /ആർ.സി.സി<br>ഏരിയ-145 ച.മീ | 1305 |
| 2 | മുഹമ്മദ് ഖാൻ.കെ.ഇ | 10/05/17 | റെസിഡെൻഷ്യൽ / ആർ.സി.സി<br>ഏരിയ-129.87 m2 | 1169 |
| 3 | സുരേന്ദ്രൻ | 06/06/17 | റെസിഡെൻഷ്യൽ /ആർ.സി.സി | 933 |

| | | | | |
|---|---|---|---|---|
| | | | ഏരിയ-103.62 | |
| 4 | വത്സല | 02/05/17 | റെസിഡെൻഷ്യൽ /ആർ.സി.സി<br>ഏരിയ-176.4m2 | 1588 |

നിലവിൽ ചട്ടപ്രകാരമുള്ള ഫീസാണ് ഈടാക്കുന്നതെന്ന് പഞ്ചായത്ത് അധികാരികൾ അറിയിച്ചിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗ്രാമപഞ്ചായത്തിൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പാക്കി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടിയത് അഭിനന്ദനാർഹം

ഗ്രാമപഞ്ചായത്തുകളിലെ പൗരൻമാർക്ക് അർഹിക്കുന്ന സേവനത്തിന്റെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനായി ഗ്രാമപഞ്ചായത്തുകൾ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(എം.എസ്) നം.18/15/ത.സ്വ.ഭ.വ തിയ്യതി 29.1.2015 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഭരണസംവിധാനത്തിൽ സമ്പൂർണ്ണ ഗുണമേന്മ ഉറപ്പുവരുത്തുന്നതിലൂടെ ജനസംതൃപ്തിയോടു കൂടിയുള്ള സേവനം സാധ്യമാക്കാം എന്നതാണ് ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ലക്ഷ്യമിടുന്നത്. ഇതിലൂടെ ഭരണസംവിധാനത്തിൻെറ ഗുണമേന്മാ മുഖമുദ്രയായ ഐ.എസ്.ഒ.9001:2008 കരസ്ഥമാക്കുകയും താഴെ പറയുന്നവ ഉറപ്പാക്കുവാനും സാധിക്കുന്നതാണെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.

1. പ്രവർത്തനങ്ങൾ ജനകേന്ദ്രീകൃതമാക്കുക.

2. ഓഫീസ് സംവിധാനത്തിൻെറയും വിഭവങ്ങളുടെയും കാര്യക്ഷമതയും ഫലപ്രാപ്തിയും ഗുണനിലവാരവും ഉറപ്പുവരുത്തുക.

3. സേവനങ്ങൾ സമയബന്ധിതമാണെന്ന് ഉറപ്പുവരുത്തുക.

4. പ്രകൃതിസംരക്ഷണം, ശുചിത്വം എന്നിവ സുസ്ഥിരവും ഗുണനിലവാരമുള്ളതും ആയി മാറ്റുന്നതിലൂടെ ആരോഗ്യകരമായ അന്തരീക്ഷം സൃഷ്ടിക്കുക.

5. സ്ത്രീകൾ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ, വയോജനങ്ങൾ, സാമൂഹ്യ സാമ്പത്തിക പിന്നാക്കാവസ്ഥയുള്ളവർ ഉൾപ്പെടെയുള്ള എല്ലാ വിഭാഗങ്ങൾക്കും സമത്വം ഉറപ്പുവരുത്തുന്ന രീതിയിൽ സേവനപ്രദാന സംവിധാനം ഏർപ്പെടുത്തുക.

6. ഓഫീസ് സംവിധാനവും, ഭരണസംവിധാനവും ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് തത്വങ്ങളിൽ അധിഷ്ഠിതമാക്കുകയും നിലനിർത്തുകയും ചെയ്യുക.

7. ഗുണമേന്മാ സംവിധാനം ഉറപ്പാക്കുന്നതിനായി ഓഫീസ് സജ്ജീകരണം, ഫ്രണ്ട് ഓഫീസ് സജ്ജീകരണം, പൊതുജന സൗകര്യങ്ങളുടെ സജ്ജീകരണം, ബോർഡുകൾ, റെക്കോർഡ് മാനേജ്മെന്റ്, ഇ-ഗവേർണൻസ്, മോണിറ്ററിംഗ് പ്രവർത്തനങ്ങൾ തുടങ്ങിയ ഘടകങ്ങൾ കാര്യക്ഷമമാക്കുക.

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പാക്കി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനായി നടത്തിയ പരിശ്രമത്തിന്റെ ഫലമായി കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടഫിക്കേഷൻ നേടുവാൻ സാധിച്ചിട്ടുണ്ട്. ആയത് അഭിനന്ദനാർഹമാണ്. ഇക്കാര്യത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും നിലവിലെ സ്ഥിതിയും താഴെ ചേർക്കുന്നു.

1. 2017-18 വർഷത്തിൽ ആവിഷ്കരിച്ച പ്രൊജക്റ്റുകൾ

എ. 270/18-ഐ.എസ്.ഒ സർട്ടിഫിക്കേഷൻ

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

ഐ.എസ്.ഒ സർട്ടിഫിക്കേഷനു വേണ്ടി ആവിഷ്കരിച്ച പ്രൊജക്റ്റ് പ്രകാരം 47423 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. റോക്കോർഡ് മുറി നവീകരിക്കുന്നതിനും പഴയ രേഖകൾ ബൈൻഡ് ചെയ്യുന്നതിനും ഇതിലൂടെ സാധിച്ചിട്ടുണ്ട്.

ബി. 72/18-ഐ.എസ്.ഒ സർട്ടിഫിക്കേഷൻ-രണ്ടാം ഘട്ടം

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

പ്രൊജക്റ്റ് പ്രകാരം 2 ലക്ഷം രൂപ ചെലവഴിച്ച റെക്കോർഡ് മുറിയുടെ ആധുനിക വൽക്കരണം പൂർത്തീകരിച്ചിട്ടുണ്ട്. വിവിധ ഫയലുകൾ ക്രമപ്രകാരം വേർതിരിച്ച് റെക്കോർഡ് മുറിയിൽ സൂക്ഷിക്കുവാൻ സാധിച്ചിട്ടുണ്ട്. നിലവിൽ, ഫയലുകൾ എളുപ്പത്തിൽ തെരഞ്ഞെടുക്കുവാൻ സാധിക്കുന്നുണ്ട്.

2. ഓഫീസ് മാനേജ്മെന്റ്

മുൻവർഷങ്ങളിൽ ഓഫീസ് നവീകരണത്തിനായി ലോകബാങ്ക് സഹായം ഉൾപ്പെടെയുള്ള തുക ചെലവഴിച്ചിട്ടുണ്ട്. ഓഫീസ് മുറിയിൽ ഓരോരുത്തർക്കും ഇരിക്കുവാനുള്ള ക്യാബിൻ നിർമ്മിക്കുകയും ഓരോ ജീവനക്കാരനും കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ

ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്തിന്റെ മീറ്റിംഗ് ഹാൾ നവീകരിച്ചിട്ടുണ്ട്. വിവിധ പരിശീലനപരിപാടികൾ നടത്തുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.

3. ഫ്രണ്ട് ഓഫീസ്, മറ്റ് അനുബന്ധ സൗകര്യങ്ങൾ

ഫ്രണ്ട് ഓഫീസ് ആധുനിക വൽക്കരിക്കുകയും പൊതുജനസേവനം മെച്ചപ്പെടുത്തുന്നതിനുള്ള മറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടോക്കൻ സമ്പ്രദായം, കിയോസ്ക്, പൊതുജനങ്ങൾക്കുള്ള ഇരിപ്പിടം, ടോയ്‌ലറ്റ്, കുടിവെള്ള സൗകര്യം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. കൈക്കുഞ്ഞുങ്ങളുമായി വരുന്ന അമ്മമാർക്ക് ഫീഡിംഗ് റൂമും സജ്ജീകരിച്ചിട്ടുണ്ട്.

4. ഐ.എസ്.ഒ സർട്ടിഫിക്കറ്റിന്റെ വിവരം

ഐ.എസ്.ഒ സർട്ടിഫിക്കറ്റ് നം. ISO 9001:2015 തിയതി 27-4-2018.

സർട്ടിഫിക്കറ്റിന് 26-4-2012 വരെ കാലാവധിയുണ്ട്.

5. ഓഡിറ്റ് നിർദ്ദേശങ്ങൾ

സർട്ടിഫിക്കറ്റിന്റെ കാലാവധി മൂന്ന് വർഷമാണ്. ആയതിനാൽ നിരന്തര വിലയിരുത്തൽ ആവശ്യമാണ്. മൂന്ന് വർഷം കൂടുമ്പോൾ സർട്ടിഫിക്കറ്റ് പുതുക്കേണ്ടതുണ്ട്. പ്രസ്തുത ഇടവേളകളിൽ ക്വാളിറ്റി മാനേജ്മെന്റ് തുടരുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്. അതിനാൽ സേവന മേന്മ ഉറപ്പാക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും നിരന്തര വിലയിരുത്തൽ ഉണ്ടാകേണ്ടതാണ്. ഓരോ വർഷവും സർവെയ്‌ലൻസ് ഓഡിറ്റ് നടത്തി ഗുണനിലവാരം ഉറപ്പാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

ഈ വിഷയത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് 25-1-2019 ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ അധികാരികൾ അറിയിച്ചിട്ടുണ്ട്.

ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.




ജനസേവന കേന്ദ്രം
PH: 04922 255002
10 Am to 5 Pm
10 Am to 3 Pm
ഫ്രണ്ട് ഓഫീസ്





## 3-2 മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണവും നിർവ്വഹണവും കാര്യക്ഷമമാക്കേണ്ടതാണ്

### എ. ഫണ്ട് വകയിരുത്തലും ചെലവും

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് സ്പിൽഓവർ ഉൾപ്പെടെ ആകെ 183 പ്രൊജക്ടുകൾക്ക് തൻവർഷം അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ 137 പ്രവൃത്തികൾ തൻവർഷം പൂർത്തീകരിച്ചിട്ടുണ്ട്. വകയിരുത്തിയ 7.86 കോടി രൂപയിൽ 5.26 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 67 % തുക തൻവർഷം ചെലഴിച്ചിട്ടുണ്ട്.

മരാമത്ത് പ്രവൃത്തികളുടെ ബാഹുല്യം പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടുള്ളതായി വിലയിരുത്തുന്നു. 137 പ്രവൃത്തികൾ പൂർത്തീകരിച്ചതിൽ 80 ശതമാനത്തിൽ അധികവും റോഡ് പ്രവൃത്തികളാണ്. വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി കുറഞ്ഞ അടങ്കലിൽ കൂടുതൽ പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നതിനു പകരം വ്യക്തമായ സ്ഥിതിവിവര കണക്കുകളേയും റോഡ് കണക്റ്റിവിറ്റി മാപ്പിനേയും അടിസ്ഥാനമാക്കി യഥാർത്ഥ ആവശ്യകതയ്ക്ക് മുൻഗണന നിശ്ചയിച്ച് പദ്ധതികൾ ആവിഷ്കരിച്ചാൽ പ്രൊജക്ടുകളുടെ ആധിക്യം ഒഴിവാക്കാവുന്നതാണെന്ന് വിലയിരുത്തുന്നു.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിറ്റ്സിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിനുള്ള ക്രിയാത്മകമായ ചർച്ചകൾ നടന്നതിന്റേയോ നിർദ്ദേശങ്ങൾ വിലയിരുത്തിയതിന്റെയോ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി നിരീക്ഷിച്ചതായും കാണുന്നില്ല.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും നിർവ്വഹണ

ഉദ്യോഗസ്ഥനും പദ്ധതികളുടെ ആസൂത്രണ ഘട്ടത്തിൽ ക്രിയാത്മകമായ ഇടപെടൽ നടത്തേണ്ടതാണെന്ന് വിലയിരുത്തുന്നു. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുടർ വർഷങ്ങളിൽ മരാമത്ത് പ്രവർത്തികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി. മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ്

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1. പുതുക്കിയ പൊതുമരാമത്ത് മാന്വലിനനുസരിച്ച് എഗ്രിമെന്റ് വ്യവസ്ഥകൾ കാലികമാക്കേണ്ടതാണ്. കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി, പുതുക്കിയ പൊതുമരാമത്ത് മാന്വലിലെ നിബന്ധനകൾ ഉൾപ്പെടുത്തേണ്ടതാണ്.

2. എഗ്രിമെന്റ് രജിസ്റ്ററിലും ബില്ലുകളിലും പ്രവൃത്തികളുടെ കൃത്യമായ കൃത്യമായ പൂർത്തീകരണ തിയതി രേഖപ്പെടുത്തേണ്ടതാണ്.

3. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കേണ്ടതാണ്.

4. ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

5. ഇ-ടെണ്ടറിൽ കരാറുകാരുടെ നിരക്കുകളുടെ താരതമ്യ പട്ടിക എല്ലാ ഫയലുകളിലും സൂക്ഷിക്കേണ്ടതാണ്.

6. പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ കരാറുകാരിൽ നിന്നും പൂർത്തീകരണ കാലയളവിനുള്ളിൽ അപേക്ഷ സ്വീകരിക്കേണ്ടതും നിയമാനുസൃത പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പു വെച്ചതിനുശേഷം മാത്രം കാലാവധി ദീർഘിപ്പിച്ചു നൽകേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം നം. 10/23-1-2019 നുള്ള മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർന്നുള്ള പ്രവൃത്തികളിൽ അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-3 പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചുകൊണ്ട് ആസ്തി സംരക്ഷണ പദ്ധതി നടപ്പാക്കേണ്ടതാണ്

എ. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിലെ പ്രധാന നിർദ്ദേശങ്ങൾ

റോഡ് സംരക്ഷണത്തിനായി 21705428 രൂപയും റോഡിതര ആസ്തികൾക്കായി 5823000

രൂപയും തൻവർഷം ചെലവഴിച്ചിട്ടുണ്ട്. മെയ്ന്റനൻസ് ഗ്രാന്റിനത്തിൽ തൻവർഷം ലഭിച്ച തുക പൂർണ്ണമായും റോഡ്-റോഡിതര ആസ്തികളുടെ മെയ്ന്റനൻസിനായി ചെലവഴിച്ചിട്ടുണ്ട്. ആയത് അഭിനന്ദനാർഹമാണ്.

റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടുണ്ടോ എന്നി വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങൾ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉണ്ടാകേണ്ടതാണ്.

സംരക്ഷണ ഗ്രാന്റ് ഉപയോഗിച്ച് അറ്റകുറ്റപ്പണികൾ നടത്തുന്നതിനു പുറമേ ഘടക സ്ഥാപനങ്ങളിൽ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും സേവനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങാവുന്നതുമാണ്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുവാനും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കത്തക്ക വിധം ആസ്തി സംരക്ഷണ പദ്ധതി വിഭാവനം ചെയ്യേണ്ടതാണ്.

ആസ്തി സംരക്ഷണ പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിനു മുമ്പായി വിളിച്ചു ചേർക്കുന്ന ഘടകസ്ഥാപനങ്ങളിലെ മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രൊജക്ടുകളായിരിക്കണം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്.

അത്തരത്തിലുള്ള പ്രവർത്തനങ്ങളൊന്നും തൻവർഷം നടന്നിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്.

ബി. ഓഡിറ്റ് നിർദ്ദേശങ്ങൾ

പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് മെയ്ന്റനൻസ് പ്ലാൻ തയ്യാറാക്കേണ്ടതും ആയതിനുസരിച്ച് മാത്രം മെയ്ന്റനൻസ് പ്രവൃത്തികൾക്ക് രൂപം നൽകേണ്ടതുമാണ്.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ഈ വിഷയത്തിൽ ആവശ്യമായ ചർച്ചകൾ ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 11/23-1-2019 നുള്ള മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥരുമായി കൂടിയാലോചിച്ച് മെയ്ന്റനൻസ് പ്ലാൻ രൂപീകരിക്കുന്ന താണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-4 അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിലുള്ള ടെണ്ടർ ഫോറങ്ങളുടെ വില തനത് ഫണ്ടിലേക്ക് മാറ്റേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ ഇ-ടെണ്ടറുകൾ നടത്തുന്നതിനായി എസ്.ബി.ഐയിൽ ഒരു കറണ്ട് അക്കൗണ്ട് നിലവിലുണ്ട്.

അക്കൗണ്ട് നം. 37126927564

അക്കൗണ്ടിൽ നിലവിൽ 51286 രൂപ അവശേഷിക്കുന്നുണ്ട്. ടെണ്ടർ ഫോറങ്ങളുടെ വില ഗ്രാമപഞ്ചായത്തിന് അവകാശപ്പെട്ടതായതിനാൽ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 13/23-1-2019 നുള്ള മറുപടിയിൽ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-5 കരാർ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയില്ല

2011 ലെ കേരള പി.ഡബ്ല്യൂ.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ പ്രവൃത്തി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല.

മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്. കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| കാലാവധി | പിഴയുടെ നിരക്ക് |
|---|---|
| ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 1%<br>കുറഞ്ഞത് 1000 രൂപ |

| | |
|---|---|
| | കൂടിയത് 50000 രൂപ |
| ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 2%<br>കുറഞ്ഞത് 2000 രൂപ<br>കൂടിയത് 100000 രൂപ |

മാന്വലിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് 2016-17 വർഷത്തിൽ എഗ്രിമെന്റ് വെക്കുകയും 2017-18 വർഷത്തിൽ പൂർത്തീകരിക്കുകയും ചെയ്ത വിവിധ പ്രവൃത്തികളുടെ കരാറുകാർ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള അപേക്ഷ പഞ്ചായത്തിന് നൽകിയിട്ടില്ലെന്ന് പരിശോധനയിൽ കണ്ടെത്തി. പിഴ ഈടാക്കാതെ ദീർഘിപ്പിച്ചു നൽകിയ പ്രവൃത്തികളുടേയും ഈടാക്കേണ്ടിയിരുന്ന പിഴയുടേയും വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | കരാർ സംഖ്യ | പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | പിഴ (രൂപ) |
|---|---|---|---|---|---|
| 1 | 180/17-തെണ്ടിയംപാറ ചെങ്ങണി റോഡ് റീടാറിംഗ്<br>അടങ്കൽ - 360000<br>കരാറുകാരൻ - ശ്രീ.കെ.സി.മാധവൻ<br>എഗ്രിമെന്റ് നം.:98/22-3-17 | 360000 | 22-9-17 | 30-1-18 | 3600 |
| 2 | 212/17-കരുമനശ്ശേരി വടക്കേത്തറ റോഡ് നവീകരണം<br>അടങ്കൽ - 1009758<br>കരാറുകാരൻ:ശ്രീ.സി.കെ.ശ്രീകുമാർ<br>എഗ്രിമെന്റ് നം.:107/29-3-17 | 839775 | 28-9-17 | 6-3-18 | 8398 |
| 3 | 156/17-കോരഞ്ചിറ ചെറിയ തൊഴുത്തും പാറ ചിറ റോഡ് നവീകരണം<br>അടങ്കൽ - 490000<br>കരാറുകാരൻ:ശ്രീ.ജിതേഷ്.എസ് | 488389 | 30-8-17 | 16-3-18 | 4884 |

| | | | | | |
|---|---|---|---|---|---|
| | എഗ്രിമെന്റ് നം.:92/1-3-17 | | | | |
| 4 | 179/17-മമ്പാട് വഴതോട് കോളനി പുനരുദ്ധാരണം<br><br>അടങ്കൽ - 700000<br><br>കരാറുകാരൻ:ശ്രീ.സി.കെ.ശ്രീകുമാർ<br><br>എഗ്രിമെന്റ് നം.:105/29-3-17 | 582194 | 30-8-17 | 16-3-18 | 5822 |
| 5 | 197/17-വൃദ്ധവിശ്രമ കേന്ദ്രങ്ങളുടെ നവീകരണം<br><br>അടങ്കൽ - 790000<br><br>കരാറുകാരൻ:ശ്രീ.പി.എ.മോഹൻദാസ്<br><br>എഗ്രിമെന്റ് നം.:100/28-3-17 | 705534 | 2-11-17 | 5-2-18 | 7055 |
| 6 | 214/17-വാൽക്കുളമ്പ് ചുണ്ണാമ്പുക്കാരൻ കുളമ്പ് റോഡ്<br><br>അടങ്കൽ - 1200000<br><br>കരാറുകാരൻ:ശ്രീ.സി.കെ.ശ്രീകുമാർ<br><br>എഗ്രിമെന്റ് നം.:100/29-3-17 | 992035 | 30-8-17 | 28-12-17 | 9920 |
| | | | | ആകെ | 39679 |

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലേയും പുതുക്കിയ പി.ഡബ്ള്യുഡി മാന്വലിലേയും നിബന്ധനകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 9/23-1-2019 നുള്ള മറുപടിയിൽ കരാറുകാരിൽ നിന്നും തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മേൽ തുക കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 കൃഷി ഭവനിൽ അടിസ്ഥാന വിവര രജിസ്റ്റർ കാലികമാക്കേണ്ടതാണ്

ഭൂവിനിയോഗം സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ കൃഷി ഭവനിൽ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 2014-15 സാമ്പത്തിക വർഷം വരെയുള്ള അടിസ്ഥാന വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. കൂടാതെ ആസ്തികളുടെ വിവരങ്ങളടങ്ങിയ രജിസ്റ്ററും കൃഷി ഭവനിൽ സൂക്ഷിച്ചിട്ടില്ല. കൃഷി, മണ്ണ്, ജലസംരക്ഷണം വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാന വിവരങ്ങളുടെ അവസ്ഥാ വിശകലനം എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ആയത് പ്രകാരം ഗ്രാമപഞ്ചായത്തിലെ 5301 ഹെക്ടർ സ്ഥലം കൃഷി ഭൂമിയാണ്. ഇതിൽ 5296 ഹെക്ടറിൽ കൃഷി ചെയ്യുന്നുണ്ട്. നിലവിൽ മുഖ്യ കൃഷിയായ നെൽകൃഷിക്കായി

ഉപയോഗിക്കുന്ന സ്ഥലം 510 ഹെക്ടർ ആണ്. മറ്റ് വിളകളിൽ നാണ്യ വിളയായ റബ്ബർ (3500 ഹെക്ടർ), തെങ്ങ്(750 ഹെക്ടർ) എന്നിവയാണ് കൂടുതലായും കൃഷി ചെയ്യുന്നത്. പച്ചക്കറി കൃഷിക്കായി 60 ഹെക്ടറും വിനിയോഗിക്കുന്നുണ്ട്.

പഞ്ചായത്ത് പരിധിയിലുള്ള 10 ഹെക്ടർ തരിശുഭൂമിയിൽ 5 ഹെക്ടർ സ്ഥലം കൃഷിയോഗ്യമാണ്. എന്നാൽ തരിശുഭൂമിയിൽ കൃഷി ഇറക്കുന്നതിനുള്ള നടപടികളൊന്നും 2017-18 വർഷം പഞ്ചായത്ത് തലത്തിൽ സ്വീകരിച്ചിട്ടില്ല. കൃഷി അനുബന്ധ മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ തരിശുനിലം കൃഷിയോഗ്യമാക്കുന്നതിന് കുടുംബശ്രീ കാർഷിക ക്ലബ്ബുകൾ മുഖേന ആനുകൂല്യം നൽകുന്നതിനും, ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, വിപണനം മെച്ചപ്പെടുത്തുന്നതിന് ഇക്കോ ഷോപ്പുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ഉള്ള നിർദ്ദേശങ്ങൾ മുന്നോട്ടു വെച്ചിട്ടുണ്ട്.
വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ പ്രായോഗികമാക്കുന്നതിനോടൊപ്പം കൃഷി ഭവനിലെ അടിസ്ഥാന വിവര രജിസ്റ്റർ കാലികമാക്കേണ്ടതും, ആസ്തി രജിസ്റ്റർ തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്. 13-ാം പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് (സ.ഉ (എം.എസ്) നം 80/2017/ ത.സ്വ.ഭ.വ/03.04.2017) തരിശുരഹിത ഗ്രാമം എന്ന ലക്ഷ്യം നേടുന്നതിനായി മാതൃകാ കാർഷിക പ്രദർശനത്തോട്ടം, ഔഷധസസ്യത്തോട്ടം, നേഴ്സറികൾ, വിത്തുല്പാദന കേന്ദ്രങ്ങൾ തുടങ്ങിയ സംരംഭങ്ങൾക്ക് കൃഷിഭൂമിയുടെ വിസ്തൃതിക്കനുസൃതമായി സബ്സിഡി അനുവദിക്കാവുന്നതും, തൽപരരായ കർഷക ഗ്രൂപ്പുകളും, ഭൂവുടമകളും തമ്മിൽ പഞ്ചായത്തിന്റെ സാന്നിധ്യത്തിൽ കരാറിലേർപ്പെടാവുന്നതുമാണ്. പ്രസ്തുത പ്രവർത്തനങ്ങൾക്ക് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി മുൻകൈ എടുക്കേണ്ടതാണ്.
1998 ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലേയും, 1998 ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം പ്രാദേശിക തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനുള്ള പ്രാദേശിക വികസന സമിതിയുടെ ശ്രമവും ഉണ്ടാകേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 പാലിന് സബ്സിഡി - ലക്ഷ്യമിട്ട ഭാഗികമായ കാലയളവിൽ മാത്രം ആനുകൂല്യം അനുവദിച്ചു

ക്ഷീരകർഷകരുടെ ഉന്നമനം ലക്ഷ്യമാക്കിയും പാലുൽപാദനം വർദ്ധിപ്പിക്കുക എന്ന നേട്ടം കൈവരിക്കുന്നതിനുമായി 2017-18 വർഷത്തിൽ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് പാലിന് സബ്സിഡി എന്ന പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. പഞ്ചായത്തിലുള്ള 6 ക്ഷീരസംഘങ്ങളിൽ 2017 ഏപ്രിൽ മുതൽ 2018 മാർച്ച് വരെ പാലളക്കുന്ന എല്ലാ ക്ഷീരകർഷകർക്കും ലിറ്റർ ഒന്നിന് 3 നിരക്കിൽ സബ്സിഡി നല്കുന്നതിനാണ് ഈ പ്രോജക്ട് വിഭാവനം

ചെയ്തിട്ടുള്ളത്. പ്രസ്തുത കാലയളവ് മുഴുവനും ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിൽ ഭൂരിഭാഗം സംഘങ്ങളുടെ കീഴിലുള്ളവർക്കും ആറുമാസത്തെ ആനുകൂല്യം മാത്രമേ നൽകിയിട്ടുള്ളൂ എന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്റ്റ് : 11/18- പാലിന്സബ്സിഡി

നിർവഹണോദ്യോഗസ്ഥൻ - ഡയറി ഫാം ഇൻസ്ട്രക്റ്റർ

തൻവർഷത്തെ അടങ്കൽ - 22,50,000 രൂപ

സംഘങ്ങളിൽ പാൽ അളന്നിട്ടുള്ള ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു

| ക്രമ നം. | ക്ഷീരസംഘത്തിൻെറ പേര് | സംഘത്തിൽ ഉൾപ്പെട്ട ആളുകളുടെ എണ്ണം |
|---|---|---|
| 1 | മംഗലംഡാം | 84 |
| 2 | ചെറുകുന്നം | 101 |
| 3 | കണ്ണംകുളം | 124 |
| 4 | മമ്പാട് | 95 |
| 5 | മേനോൻതരിശ്ശ് | 262 |
| 6 | കണച്ചിപരുത | 93 |
| 7 | വാൽക്കുളമ്പ് | 158 |
| | ആകെ | 917 |

മേനോൻതരിശ്ശ് സംഘത്തിൽ പാൽ അളന്നവർക്ക് ഒക്ടോബർ 2017 വരെയും ബാക്കി സംഘങ്ങളിൽ പാൽ അളന്നവർക്ക് 2018 സെപ്റ്റംബർ വരെയും പാൽ അളന്നതിന് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണവും ശരാശരി അളക്കുന്ന പാലിന്റെ ശരാശരിയും കണക്കിലെടുത്ത് 12 മാസത്തെ ആനുകൂല്യം അനുവദിക്കുന്ന തരത്തിൽ പ്രൊജക്റ്റ് ആസൂത്രണം ചെയ്യാതിരുന്നതിനാലാണ് ഭാഗികമായി മാത്രം ആനുകൂല്യം നൽകിയിട്ടുള്ളതെന്ന് വിലയിരുത്തുന്നു.

വർക്കിംഗ് ഗ്രൂപ്പും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതിയുടെ ലക്ഷ്യപ്രാപ്തി വിലയിരുത്തിയിട്ടില്ലെന്ന് മിനിറ്റ്സ് പരിശോധിച്ചതിൽ കണ്ടെത്തി. മോണിറ്ററിംഗ് കാര്യക്ഷമമാക്കി ഫലപ്രാപ്തി വിലയിരുത്തേണ്ടതാണ്. തുടർന്നുള്ള വർഷങ്ങളിൽ പദ്ധതി ആസൂത്രണവും നിർവ്വഹണവും വിലയിരുത്തലും കാര്യക്ഷമമാക്കേണ്ടതാണ്.

ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേഷണത്തിന് (5/21.01.2019) മറുപടിയായി നിർവഹണോദ്യോഗസ്ഥൻ ഡയറി ഫാം ഇൻസ്ട്രക്റ്റർ

ആയിരുന്നുവെങ്കിലും ടി തസ്തിക ഒഴിഞ്ഞുകിടന്ന സാഹചര്യത്തിൽ ക്ഷീര വികസന ഓഫീസറാണ് പദ്ധതി നിർവ്വഹണം പൂർത്തിയാക്കിയത് എന്ന് അറിയിച്ചിട്ടുണ്ട്. മാത്രമല്ല, ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ക്ഷീരസംഘങ്ങളിലൂടെ ഒരു ദിവസം സംഭരിക്കുന്ന ശരാശരി പാലിൻെറ അളവ് 4500 ലിറ്ററോളമാണെന്നും, അതുപ്രകാരം ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിൽ ഒരു വർഷം തുടർച്ചയായി ധനസഹായം നല്കുന്നതിന് 4927500 രൂപ ആവശ്യമാണെന്നും ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകളുടെ പദ്ധതിവിഹിതം പരിമിതമായതിനാലാണ് ആറുമാസത്തെ ആനുകൂല്യം മാത്രം നൽകാൻ ഇടയായതെന്നും വരും വർഷങ്ങളിൽ പദ്ധതിവിഹിതം അനുവദിക്കുന്നതിനനുസരിച്ച് പരമാവധി സഹായം ക്ഷീരകർഷകർക്ക് ലഭിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണെന്നും മോണിറ്ററിംഗ് സംബന്ധിച്ച നിർദ്ദേശം തുടർന്നുള്ള വർഷങ്ങളിൽ പാലിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയായി അറിയിച്ചിട്ടുണ്ട്.

തുടർ പദ്ധതികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 തെരുവ് വിളക്കുകളുടെ മീറ്ററിംഗ് സംവിധാനം പൂർത്തീകരിക്കേണ്ടതാണ്

കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവു വിളക്കുകൾക്ക് ശരാശരി 92963/- രൂപയാണ് പ്രതിമാസ വൈദ്യുത ചാർജ് നല്കിയിരുന്നത്. പകുതിയോളം തെരുവ് വിളക്കുകൾക്ക് മീറ്റർ സംവിധാനം ഏർപ്പെടുത്തിയപ്പോൾ മീറ്റർ റീഡിംഗ് സംവിധാനം പ്രതിമാസ വൈദ്യുതിചാർജ്ജ് ശരാശരി 45000/-രൂപയായി കുറഞ്ഞിട്ടുണ്ട്. ആയത് അഭിനന്ദനാർഹമാണ്.

കെ.എസ്.ഇ ബി 10-8-2018ൽ ലഭ്യമാക്കിയ കണക്കനുസരിച്ചുള്ള തെരുവുവിളക്കുകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | മീറ്റർ റീഡിംഗ് സംവിധാനമുള്ളവ | മീറ്റർ സംവിധാനം ഇല്ലാത്തവ | ആകെ |
|---|---|---|---|
| സാധാരണ ബൾബ്-40 W | 52 | 74 | 126 |
| സി.എഫ്.എൽ- 22 W | 814 | 100 | 914 |
| ഡബിൾ ട്യൂബ് -40*2 W | - | 9 | 9 |

| | | | |
|---|---|---|---|
| സിംഗിൾ ട്യൂബ്- 40 W | 257 | 34 | 291 |
| സോഡിയം വേപ്പർ ലാമ്പ് -250 W | 13 | 3 | 16 |

ഗ്രാമപഞ്ചായത്തിലെ എല്ലാ തെരുവ് വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ബാധകമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഊർജ്ജ ഉപഭോഗം കൂടിയ ബൾബുകൾ പൂർണ്ണമായും ഒഴിവാക്കി താരതമ്യേന ഊർജ്ജ ഉപഭോഗം കുറഞ്ഞ എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-9 അങ്കണവാടി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്

കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ 43 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെയുള്ള അങ്കണവാടികളുടെ എണ്ണം | 43 |
| സ്വന്തമായി കെട്ടിടം ഉള്ള അങ്കണവാടികളുടെ എണ്ണം | 28 |
| വാടകയ്ക്കെടുത്ത അങ്കണവാടികളുടെ എണ്ണം | 15 |
| വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | 17 |
| ശുദ്ധജല സംഭരണികൾ ഇല്ലാത്തവയുടെ എണ്ണം | 19 |
| ചുറ്റ് മതിൽ ഇല്ലാത്തവയുടെ എണ്ണം | 19 |

അങ്കണവാടികൾക്കുള്ള ഫർണ്ണിച്ചറുകൾ ലഭ്യമാക്കുവാനായി 2017-18 സാമ്പത്തിക വർഷത്തിൽ 216000/-ലക്ഷം രൂപ വകയിരുത്തി പ്രൊജക്റ്റ് (15/2018) രൂപീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും നിർവ്വഹിക്കുകയുണ്ടായില്ല. സർക്കുലർ നം.31055/ഡി.സി.2 /2011/ത.സ്വ.ഭ.വ/22/3/11 പ്രകാരം അങ്കണവാടികളുടെ അറ്റകുറ്റപണികൾ നടത്തുവാനും സുരക്ഷിതത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. കേന്ദ്ര വിഹിതമായി ലഭ്യമായ തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 1496164/- രൂപ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി വിനിയോഗിക്കാവുന്നതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ, ICDS

സൂപ്പർവൈസർ എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്തിലെ അങ്കണവാടികളുടെ അവസ്ഥാ വിശകലനം നടത്തി ഭൗതിക സാഹചര്യങ്ങൾ ലഭ്യമാക്കുവാനുള്ള പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.
തുടർ പദ്ധതികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-10 ആശ്രയ പദ്ധതി - അവലോകനം

ആശ്രയ രണ്ടാം ഘട്ട പദ്ധതി (2013-2016) പ്രകാരം ആകെ 139 ഗുണഭോക്താക്കളാണ് ലിസ്റ്റിലുള്ളത്. വിവിധ ഘടകങ്ങൾക്കായി ലഭ്യമായ പ്ലാൻ ഫണ്ട് വിനിയോഗിച്ചതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഘടകം | ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം | ആനുകൂല്യം ലഭിച്ചവർ | വകയിരുത്തൽ | ചെലവ് |
|---|---|---|---|---|
| സ്ഥലം | 7 | 0 | 1050000 | 0 |
| ഭവന നിർമ്മാണം | 12 | 7 | 2400000 | 1850000 |
| ഭവന പുനരുദ്ധാരണം | 19 | 18 | 400000 | 400000 |
| വൈദ്യുതി | 13 | 0 | 23140 | 0 |
| ലാട്രിൻ | 47 | 0 | 376000 | 0 |

ആശ്രയ തുടർസേവനപദ്ധതി പ്രകാരം ചലഞ്ച് ഫണ്ടിനു പുറമെ 75 ഗുണഭോക്താക്കൾക്ക് ഭക്ഷണ ഘടകത്തിന് പ്ലാൻ ഫണ്ടിൽ നിന്ന് തുക വകയിരുത്തി ചെലവഴിക്കുന്നുണ്ട്. 2017-18 സാമ്പത്തിക വർഷം ഈയിനത്തിൽ 147080 രൂപ വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

സ.ഉ(എം എസ്)നം.362/2013/തസ്വഭവ തി. 16.11.2013 അനുബന്ധം 14 ഖ. 6.7 (i) അനുസരിച്ച് ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിരുന്നു. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖ. 6.8 (i) അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി

ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിംഗി ഗ്രൂപ്പ് മിനുട്സ് എന്നിവ പരിശോധിച്ചതിൽ ആശ്രയ പദ്ധതി പ്രകാരം മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട പദ്ധതികൾ, അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്നിവയെപ്പറ്റി യാതൊരു വിലയിരുത്തലുകളും നടത്തിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

സംസ്ഥാന സർക്കാരിന്റെ പുതിയ പദ്ധതിയായ അഗതി രഹിത കേരളം നിലവിൽ വന്ന സാഹചര്യത്തിൽ ആശ്രയ പദ്ധതിയുടെ ഒന്ന്, രണ്ട് ഘട്ടങ്ങളിലായി ബാക്കിയുള്ള ഉപഭോക്താക്കളെ കണ്ടെത്തി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഭവന നിർമ്മാണത്തിന് ലഭ്യമായ പ്ലാൻ ഫണ്ട് തുക 24 ലക്ഷം രൂപയിൽ 250000/-രൂപ ചെലവഴിക്കപ്പെടാതെ ആശ്രയ അക്കൗണ്ടിൽ (വിജയാ ബാങ്ക്,അക്കൗണ്ട് നമ്പർ - 201601011000871) അവശേഷിക്കുന്നു. ആയത് വിനിയോഗിക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിങ്ങ് ഗ്രൂപ്പ് തുടങ്ങിയവർ പദ്ധതി മോണിട്ടറിംഗി കാര്യക്ഷമമായി നിർവ്വഹിക്കേണ്ടതാണ്.

ആശ്രയ ഭവനം - പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രൊജക്റ്റ് നം - 48/18

അടങ്കൽ - 1200000

ആശ്രയ പദ്ധതി രണ്ടാം ഘട്ടം പ്രകാരം താഴെ പറയുന്ന ഗുണഭോക്താവ് ഭവന നിർമ്മാണത്തിന് ഒന്നാം ഗഡു മാത്രം കൈപ്പറ്റി പദ്ധതി പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

ആശ്രയ ഭവന നിർമ്മാണം

ഗുണഭോക്താവിന്റെ വിവരം -ചിന്നമ്മ, പറശ്ശേരി

അനുവദിച്ച തുക – 50000 – ചെക്ക് നം - 234002/5.12.17

ബാക്കി അനുവദിക്കേണ്ട തുക – 250000/-

പദ്ധതി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4/21.01.1/2019) മാർച്ചിനകം കുടുംബശ്രീ മുഖേന പദ്ധതി പൂർത്തികരിക്കുന്നതാണെന്ന മറുപടിയാണ് നിർവ്വഹണോദ്യോഗസ്ഥ സമർപ്പിച്ചിട്ടുള്ളത്.

പദ്ധതി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

അനുവദിക്കുന്ന പദ്ധതി ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കിണറുകളുടെ നിർമ്മാണം നടത്തുമ്പോൾ സുരക്ഷിതത്വം ഉറപ്പാക്കേണ്ടതാണ്

2017-18 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം ആകെ 24349950 രൂപ ചെലവഴിച്ചിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 2017-18സാമ്പത്തിക വർഷത്തിൽ 29 കുളങ്ങൾ നവീകരിക്കുവാനും 9 കിണറുകൾ കുഴിക്കുവാനും സാധിച്ചിട്ടുണ്ട്. കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്തി 9 പ്രവൃത്തികളും നിർവ്വഹിച്ചിട്ടുണ്ട്. കിണറുകൾക്ക് ആൾമറ കെട്ടി സുരക്ഷിതമാക്കാതെയാണ് പ്രവർത്തി പൂർത്തീകരണം നടത്തിയിട്ടുള്ളത്. കിണറുകളുടെ നിർമ്മാണം നടത്തുമ്പോൾ ആൾമറ കെട്ടി സുരക്ഷയും ശുചിത്വവും ഉറപ്പുവരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി വാർഷിക

രൂപീകരണത്തിൽ വിവിധ പദ്ധതികൾ സംയോജിപ്പിച്ച് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി പദ്ധതി പരമാവധി പ്രയോജനപ്പെടുത്തുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൂടുതൽ ആസ്തികൾ സൃഷ്ടിക്കുന്ന വിധത്തിൽ തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.





ചിത്രം – കിണർ നിർമ്മാണം, കുളം നവീകരണം.

# 3-12 വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

താഴെപ്പറയുന്ന പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ ഭാഗമായി നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി വിവിധ സ്ഥാപനങ്ങളിലേക്ക് തുക കൈമാറിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രൊജക്റ്റിന്റെ പേര്/ തുക നൽകിയത് | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 19/18 | പി.എം.എ.വൈ അധിക വിഹിതം, സെക്രട്ടറി, ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത്. | 140000/- |
| 2 | 236/18 | വികലാംഗർക്ക് മുച്ചക്ര വാഹനം, ജില്ലാ പഞ്ചായത്ത്, പാലക്കാട് | 580000/- |

ഓഡിറ്റ് അന്വേഷണം നം. 17/24-1-2019 നുള്ള മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-13 ജല അതോറിറ്റിയുടെ കീഴിലുള്ള പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി കൃത്യത ഉറപ്പാക്കേണ്ടതാണ്

കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ 372 പൊതു ടാപ്പുകൾ നിലവിലുണ്ട്. വെള്ളക്കരം ഇനത്തിൽ പ്രതിമാസം 162750/- രൂപ തനത് ഫണ്ടിൽ നിന്നും ജല അതോറിറ്റിക്ക് ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. ഇപ്രകാരം ഗ്രാമപഞ്ചായത്ത് പ്രതിവർഷം 1953000/- രൂപ ഈ ഇനത്തിൽ ചെലവഴിക്കുന്നുണ്ട്. ഇത്തരത്തിൽ തുക ചെലവഴിക്കുന്നത് കൃത്യമായ സ്ഥിതിവിവരക്കണക്കുകളെ അടിസ്ഥാനമാക്കിയാണോ എന്ന് ഓഡിറ്റ് വിലയിരുത്തിയിതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധാ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം

നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. അത്തരത്തിൽ സംയുക്ത പരിശോധന നടത്തി കൃത്യത ഉറപ്പാക്കിയിട്ടില്ല.

പൊതു ടാപ്പുകളുടെ കൃത്യത പരിശോധിക്കുന്നതിലേക്ക് പഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധനാ നടത്തേണ്ടതും ഉപയോഗരഹിതമായ ടാപ്പുകൾക്ക് തുക ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

വിഷയം 25-9-2019 ന് ചേർന്ന എക്സിറ്റ് മീറ്റിംഗിൽ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-14 കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

218/17-വിവിധ സ്ഥലങ്ങളിൽ കുഴൽക്കിണർ നിർമ്മാണം

അടങ്കൽ - 1000000

കരാറുകാരൻ : ശ്രീ.കെ.രാജപ്പൻ

എഗ്രിമെന്റ് നം.:99/22-3-17

ചെലവ് - 804140

ബിൽ നം. 150/24-3-18

അളവു പുസ്തകം നം. 120/18

മേൽ പ്രൊജക്റ്റ് പ്രകാരം പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ 9 കുഴൽ കിണറുകൾ കുഴിക്കുവാനും ഒരു സ്ഥലത്ത് 7.5HP യുടെ മോട്ടോറും പമ്പ് ഹൗസും സ്ഥാപിക്കുവാനുമാണ് ലക്ഷ്യമിട്ടത്. പദ്ധതികളുടെ നിലവിലെ സ്ഥിതി വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

അഞ്ച് പ്രദേശങ്ങളിൽ കുഴിച്ച കുഴൽകിണർ പ്രയോജനപ്പെടുത്തി തുടർ പദ്ധതികൾ ആവിഷ്കരിക്കുകയും നിലവിൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും താഴെ പറയുന്ന പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം ഉറപ്പാക്കുന്നതിനായി തുടർപദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

1. വാഴപ്പള്ളം

2. ഉപ്പുമണ്ണ്

3. പാലക്കുഴി

4. വടക്കേത്തറ

ജലലഭ്യത ഉറപ്പാക്കിയതിനുശേഷം തുടർ പദ്ധതികൾ ആവിഷ്കരിക്കുവാൻ തീരുമാനിച്ചതിനാലാണ് ആവശ്യമായ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്താതിരുന്നതെന്ന് ഓഡിറ്റ് അന്വേഷണം നം. 12/23-1-2019 നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച നാല് കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം ഉറപ്പാക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 3-15 ഡെപ്പോസിറ്റ് പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

താഴെപ്പറയുന്ന പ്രോജക്റ്റ് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി വാട്ടർ അതോറിറ്റിയിലേക്ക് തുക കൈമാറിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| ജല അതോറിറ്റി, പാലക്കാട് | 259/18-അങ്കണവാടി കുടിവെള്ളം | 13/17-11-2017 | 142500 | പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | |

ഓഡിറ്റ് അന്വേഷണം നം.17/24-1-2019 നുള്ള മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 3-16 വിദ്യാർത്ഥികൾക്ക് യോഗാ പരിശീലനം - ഹോണറേറിയമിനത്തിൽ പരിശീലകർക്ക് അധികം നൽകിയ 11000/-രൂപ അംഗീകരിക്കുന്നില്ല

പ്രൊജക്ട് നം - 183/18 – യോഗാ പരിശീലനം

അടങ്കൽ - 200000 (99634 – വികസന ഫണ്ട്, 95000 – ബ്ലോക്ക് വിഹിതം)

ചെലവ് - 194634

എച്ച്.എം, ജി.എൽ.പി സ്കൂൾ, കിഴക്കഞ്ചേരി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പദ്ധതിയുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

പദ്ധതിക്കായി 10.10.2017 ന് കേരള സ്പോർട്സ് കൗൺസിലോ, ആയുഷോ അംഗീകരിച്ച സർട്ടിഫിക്കറ്റുള്ള സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്ന് മത്സര സ്വഭാവമുള്ള ടെണ്ടർ ക്ഷണിച്ചതിൽ ശ്രീമതി രേഖ.സി.ആർ, ഹരിതം, തിരുവറ, വടക്കഞ്ചേരി എന്നവരുടെ കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ (195000/-) പഞ്ചായത്ത് തീരുമാനം നം-5/1/03.11.2017 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പദ്ധതി ചെലവുകൾ ചുവടെ ചേർക്കുന്നു.

ബിൽ നം /തീയതി - തുക

5/11.01.18 - 74724 – 100 – കുട്ടികൾക്ക് യോഗ മാറ്റ്, യൂണിഫോം വാങ്ങിയതിന്റെ ചെലവ്

7/8.03.18 - 24910 – യോഗ ചാർട്ട്, പുസ്തകം

മേൽ ചെലവുകൾ കൂടാതെ പദ്ധതിക്കായി ലഭ്യമായ ബ്ലോക്ക് വിഹിതം 95000/- രൂപ പരിശീലകരുടെ ഫീസിനത്തിൽ 8.3.18 ന് എച്ച്.എം ന്റെ ടി.എസ്.ബി അക്കൗണ്ടിൽ നിന്ന് പരിശീലകയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

സ.ഉ (സാധാ) നം. 3190/2017/ത.സ്വ.ഭ.വ 03.10.2017 പ്രകാരം യോഗ പരിശീലനം നടത്തുന്നതിന് പരിശീലകർക്ക് പ്രതിദിനം 400/-രൂപ ക്രമത്തിൽ പ്രതിമാസം പരമാവധി 12000/-രൂപയാണ് ഹോണറേറിയം അനുവദിക്കാവുന്നത്. പരിശീലനം നടത്തിയതിന്റെ രേഖകൾ പരിശോധിച്ചതിൽ താഴെ പറയും പ്രകാരമാണ് ഹോണറേറിയം അനുവദിക്കേണ്ടിയിരുന്നത്.

| ക്രമ നം. | സ്കൂൾ | പരിശീലകരുടെ എണ്ണം | അനുവദിക്കേണ്ടിയിരുന്ന ഹോണറേറിയം |
|---|---|---|---|
| 1 | ജി.എച്ച്.എച്ച് എസ്, കിഴക്കഞ്ചേരി | 4 | 30 x 4x400 =48000 |
| 2 | ജി.എൽ.പി.എസ്, പ്ലാച്ചിക്കുളമ്പ് | 1 | 30 x 400 =12000 |
| 3 | ജി.എൽ.പി.എസ്, കിഴക്കഞ്ചേരി | 2 | 30 x2x400 =24000 |
| ആകെ | | | 84000/- |

അധികം അനുവദിച്ചത് = 95000 – 84000 = 11000/- രൂപ

മേൽപ്പറഞ്ഞ 3 സ്കൂളുകളിലും 6/11/17 മുതൽ 14/02/18 വരെയുള്ള കാലയളവിൽ 30 ദിവസത്തേക്കാണ് പരിശീലനം നടത്തിയിട്ടുള്ളത്. പരിശീലകയുമായുള്ള എഗ്രിമെന്റിൽ (1/17-18/4.11.17) പരിശീലനത്തിനുള്ള നിരക്ക് പ്രതിപാദിച്ചിട്ടില്ല. കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകൾ പദ്ധതി നിർവ്വഹണത്തിൽ പാലിക്കേണ്ടതാണെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 18/24.01.19) നിർവ്വഹണോദ്യോഗസ്ഥ താഴെ പറയും പ്രകാരമാണ് മറുപടി സമർപ്പിച്ചിട്ടുള്ളത്.

10.10.2017 ന് ടെണ്ടർ ക്ഷണിച്ച് പഞ്ചായത്ത് തീരുമാനം നം-5/1/03.11.2017 പ്രകാരം കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കുന്നതുവരെയും 3.10.2017 ലെ സർക്കാർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. നിലവിൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ അനുസരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. ടെണ്ടർ ക്ഷണിച്ച 10.10.17 മുതൽ ടെണ്ടർ അംഗീകരിച്ച 3.11.17 വരെയും 3.10.17 ലെ സർക്കാർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിരുന്നില്ല എന്ന വിശദീകരണം അംഗീകരിക്കത്തക്കതല്ല. മാത്രമല്ല, കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകൾ പദ്ധതി നിർവ്വഹണത്തിൽ പാലിക്കേണ്ടതാണെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. ആയതിനാൽ ഹോണറേറിയമിനത്തിൽ അധികം അനുവദിച്ച 11000/-രൂപ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥയുടെ ബാധ്യതയായി നിശ്ചയിക്കുന്നു.

# 3-17 സമ്പൂർണ്ണ ശുചിത്വ യജ്ഞം - അക്കൗണ്ടിലെ നീക്കിയിരുപ്പ് തിരിച്ചടക്കേണ്ടതാണ്

വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയിരുന്ന സമ്പൂർണ്ണ ശുചിത്വ യജ്ഞ പദ്ധതിയുടെ അക്കൗണ്ടിൽ (വിജയാ ബാങ്ക്, അക്കൗണ്ട് നം -201601010007674) 6.10.2018 തിയതിയിൽ 2,24675/-രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ആയത് ഉചിതമായ ഹെഡ്ഡിലേക്ക് തിരിച്ചടച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

# 3-18 കിഴക്കഞ്ചേരി ജി.എച്ച്.എച്ച്.എസ് ഷീ പാഡ് പദ്ധതി - ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ വകയിരുത്തിയ തുക മുഴുവൻ വിനിയോഗിച്ചിട്ടില്ല

പ്രൊജക്ട് നം. - 75/18

അടങ്കൽ - 339390 (വികസന ഫണ്ട്)

ചെലവ് - 169695

നിർവഹണോദ്യോഗസ്ഥ – എച്ച്.എം, ജി.എൽ.പി.എസ് , കിഴക്കഞ്ചേരി
പഞ്ചായത്ത് പരിധിയിലുള്ള കിഴക്കഞ്ചേരി ജി.എച്ച്.എച്ച്.എസ് സ്കൂളിലെ യു.പി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന പെൺകുട്ടികളെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തി സാനിറ്ററി നാപ്കിൻ, ഇൻസിനറേറ്റർ, അലമാര എന്നിവ വാങ്ങുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. 2017-18 വർഷം അടങ്കലിന്റെ 50% തുകയായ 169695/- രൂപ ബിൽ നമ്പർ 6/20.02.18 പ്രകാരം പിൻവലിച്ച് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ 35810483408 നമ്പറിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് മുൻകൂറായി നൽകിയിട്ടുണ്ട്.

വനിതാ വികസന കോർപ്പറേഷന്റെ നം. KSWDC/P5/SHE-pad/LSGD/PLKD/2016-17 തീയതി 23.03.18 ലെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം ആകെ 110837/-രൂപയുടെ വിനിയോഗ വിവരം താഴെ ചേർക്കുന്നു.

| സാമഗ്രികൾ | നിരക്ക് ഒന്നിന് | ചെലവ് |
|---|---|---|
| 500 പാക്കറ്റ് പാഡ് | 13.62 | 6810 |
| ഇൻസിനറേറ്റർ - 3 എണ്ണം | 23352 | 70056 |
| അലമാര - 3 എണ്ണം | 7965 | 23895 |
| കോർപ്പറേഷന് നൽകേണ്ട 10% | | 10076 |
| ആകെ | | 110837/- |

മുൻകൂർ തുകയായ 169695/- രൂപയുടെ ബാക്കി 58858/- രൂപക്ക് രണ്ടാം ഘട്ടമായി 3929 പാക്കറ്റ് ലഭ്യമായിട്ടുണ്ട്. പദ്ധതി നിർവ്വഹണം സംബന്ധിച്ച് ഓഡിറ്റിന്റെ വിലയിരുത്തൽ താഴെ ചേർക്കുന്നു.

1. സ.ഉ (സാധാ) നം. 280/16/ത.സ്വ.ഭ.വ തീയതി 25.01.2016 ലെ നിർദ്ദേശ പ്രകാരം പ്രസ്തുത വനിതാ ഘടക പദ്ധതിക്ക് തദ്ദേശ സ്ഥാപനം ആവശ്യമായ തുക വകയിരുത്തി വിനിയോഗിക്കേണ്ടതാണെന്ന് പറയുന്നു. ഇതിനായി 50% തുക വനിതാ വികസന കോർപ്പറേഷന് മുൻകൂറായി നൽകുന്നതിനും, ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിനു ശേഷം ബാക്കി തുക കൂടി അനുവദിക്കുന്നതിനും അനുമതി നൽകുന്നു. എന്നാൽ പദ്ധതിക്കായി വകയിരുത്തിയ 339390 രൂപയിൽ 50% തുകയായ 169695/- രൂപ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. 2018-19 വർഷവും പദ്ധതി സ്പിൽ ഓവറായി തയ്യാറാക്കിയിട്ടില്ല.

2. 2017-18 വർഷം പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളത് കിഴക്കഞ്ചേരി ജി.എച്ച്.എച്ച്.എസ് സ്കൂളിലെ യു.പി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന 776 പെൺകുട്ടികളെയാണ്. വനിതാ വികസന കോർപ്പറേഷന്റെ 28.12.2017 ലെ പ്രൊജക്ട് നിർദ്ദേശങ്ങൾ പ്രകാരം ( KSWDC/DP/P4/2016-17/140) സാമഗ്രികളുടെ വിതരണം താഴെ പറയുന്ന രീതിയിലായിരിക്കേണ്ടതാണ്.

- 250 വിദ്യാർത്ഥിനികൾക്ക് ഒരു ഇൻസിനറേറ്റർ
- ഒരു വിദ്യാർത്ഥിനിക്ക് ഒരു മാസം രണ്ട് പാക്കറ്റ് പാഡ്
- 150 വിദ്യാർത്ഥിനികൾക്ക് ഒരു അലമാര

മേൽ പദ്ധതി പ്രകാരം ആദ്യ ഘട്ടം ലഭ്യമായ 500 പാക്കറ്റുകൾ മുഴുവനും വിതരണം ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടമായി 3929 പാക്കറ്റ് ലഭ്യമായത് 2018-19 വർഷമായതിനാൽ ആയത് വിതരണം ചെയ്തു വരുന്നതേയുള്ളൂ. പാഡുകൾ സമയബന്ധിതമായി കോർപ്പറേഷനിൽ നിന്ന് ലഭ്യമായിട്ടില്ല.

3. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനുമായി എഗ്രിമെന്റ് ചമയ്ക്കാതെയാണ് തുക നൽകിയിട്ടുള്ളത്. സാമഗ്രികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന്നതിന് എഗ്രിമെന്റിന്റെ അഭാവം കാരണമായതായി വിലയിരുത്തുന്നു.

4. പാക്കറ്റുകളുടെ സ്റ്റോക്ക് നിർവ്വഹണോദ്യോഗസ്ഥയോ, കൈപ്പറ്റിയ ഗുണഭോക്തൃ സ്ഥാപനമായ കിഴക്കഞ്ചേരി ജി.എച്ച്.എച്ച്.എസ് സ്കൂളിലെ ഹെഡ് മാസ്റ്ററോ തയ്യാറാക്കിയിട്ടില്ല. പാക്കറ്റുകൾ ജി.എച്ച്.എച്ച്.എസ് സ്കൂളിലെ ഹെഡ് മാസ്റ്റർ കൈപ്പറ്റിയതിന്റെ രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. സാമഗ്രികളുടെ സ്റ്റോക്ക്, വിതരണം, ബാലൻസ് തുടങ്ങിയ വിവരങ്ങൾ നിർവ്വഹണോദ്യോഗസ്ഥയും, കൈപ്പറ്റിയ ഗുണഭോക്തൃ സ്ഥാപനത്തിന്റെ ഹെഡ്മാസ്റ്ററും സൂക്ഷിക്കേണ്ടതാണ്.

ഗുണഭോക്താക്കളുടെ എണ്ണത്തിനനുസൃതമായി തദ്ദേശ സ്ഥാപനം ആവശ്യമായ തുക വകയിരുത്തി വരും വർഷങ്ങളിൽ പദ്ധതി തുടരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-19 ഹോമിയോ ആശുപത്രിക്കാവശ്യമായ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കേണ്ടതാണ്

2017-18 സാമ്പത്തിക വർഷത്തിൽ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങിയതിന്റെ രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

2017-18 സാമ്പത്തിക വർഷത്തെ 18/18 നമ്പർ പ്രോജക്ട് പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി മെയിന്റനൻസ് ഫണ്ടിൽ (റോഡിതരം) നിന്നും

2,00,000/- രൂപ അനുവദിച്ചിരുന്നു. ഇതിനായി പൊതുമേഖല സ്ഥാപനമായ കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (ഹോംകോ), ആലപ്പുഴയ്ക്ക് 200000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (ഹോമിയോ)

| ബിൽ നമ്പർ | തീയതി | അക്കൗണ്ട് നമ്പർ | തുക |
|---|---|---|---|
| 01/17-18 | 22/01/2018 | 34306403911 | 2,00,000/- |

ഇൻവോയ്സ് നം. 1303/27-12-2017 പ്രകാരം 28 ഇനം മരുന്നുകളാണ് ആവശ്യപ്പെട്ടിരുന്നത്. മരുന്നുകൾ നാളിതുവരെയായിട്ടും ഹോമിയോ ആശുപത്രിക്ക് ലഭ്യമായിട്ടില്ല. ആശുപത്രിയുടെ പ്രവർത്തനം നിലനിർത്തുന്നതിനായി കുറവ് വരുന്ന മരുന്നുകൾ റീജിയണൽ മെഡിക്കൽ സ്റ്റോറിൽ(ആർ.എം.എസ്) നിന്നുമാണ് നിലവിൽ ലഭ്യമാക്കിക്കൊണ്ടിരിക്കുന്നതെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. എന്നാൽ ദീർഘകാലത്തേയ്ക്ക് ഈ നടപടിക്രമം പ്രായോഗികമല്ല എന്ന് വിലയിരുത്തുന്നു.
2016-17 വർഷത്തിൽ ആവശ്യപ്പെട്ട 2 ലക്ഷം രൂപയുടെ മരുന്നുകൾ 6-1-2018 ന് ഇൻവോയ്സം നം. LF-1441/6-1-18 പ്രകാരം ലഭ്യമായതിന്റെ സ്റ്റോക്ക് ഓഡിറ്റിൽ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.
ആശുപത്രിയുടെ സുഗമമായ നടത്തിപ്പിനാവശ്യമായി തൻവർഷം നൽകിയ 2 ലക്ഷം രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനായി കോർപ്പറേഷന് കത്ത് നൽകിയിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.
മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും ഇടപെടൽ ഉണ്ടാകേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-20 കാര്യക്ഷമമായ മാലിന്യ സംസ്കരണം സംവിധാനം ഉറപ്പാക്കേണ്ടതാണ്

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ദ്രവമാലിന്യങ്ങൾ നീക്ക ചെയ്യുകയും ചെയ്യുക എന്നത് പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ ഒന്നാണ്. കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള മാലിന്യ നിയന്ത്രണ സംവിധാനം എത്രത്തോളം ഫലപ്രദമാണ് എന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 219A മുതൽ 219X വരെയുള്ള വകുപ്പുകൾ പ്രകാരം നൽകിയിട്ടുള്ള ചുമതലകളും അധികാരങ്ങളും ഗ്രാമപഞ്ചായത്ത് ഫലപ്രദമായി നിർവ്വഹിക്കുന്നുണ്ടോ എന്നും നിയന്ത്രണ ചുമതലയുള്ള സ്റ്റാംന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഫലപ്രദമാണോ എന്നും പരിശോധിക്കുവാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയും സബ്ഡിഡി മാനദണ്ഡങ്ങളും മറ്റ് സർക്കാർ ഉത്തരവുകളും കണക്കിലെടുത്ത് സുസ്ഥിര മാലിന്യ നിയന്ത്രണ പദ്ധതികൾ

ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ടോ എന്നും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 മുതലായ കേന്ദ്ര ചട്ടങ്ങൾ പ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ടോ എന്നതും പരിശോധനാ ലക്ഷ്യത്തിൽ ഉൾപ്പെട്ടിരുന്നു.

ലക്ഷ്യത്തെ മുൻനിർത്തി, ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള മാലിന്യ നിയന്ത്രണ സംവിധാനം വിലയിരുത്തുകയും വിവിധ രേഖകൾ പരിശോധിക്കുകയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ചർച്ച നടത്തുകയും ചെയ്തു. പരിശോധനയുടെ അടിസ്ഥാനത്തിലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിലവിൽ മാലിന്യം സംസ്കരണത്തിനായി സുസ്ഥിര സംവിധാനങ്ങളൊന്നും നിലവിലില്ല. മാലിന്യ സംസ്കരണത്തിനായി സ്ഥലമോ പ്ലാന്റോ ഇല്ല. തെരുവുകളിൽ നിന്നും സ്ഥിരമായ മാലിന്യ നീക്കം നടത്തുന്നതിന് ജീവനക്കാരില്ലാത്തതിനാൽ സ്ഥിരമായ മാലിന്യ നീക്കം നടക്കുന്നില്ല.

80 ശതമാനം വീടുകളിലും ആവശ്യത്തിന് സ്ഥലം ഉള്ളതിനാൽ മാലിന്യം പൊതു സ്ഥലങ്ങളിൽ വലിച്ചെറിയപ്പെടുന്നില്ല എന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. വീടുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് തരം തിരിക്കുന്നതിനുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിന് മേനോൻ തരിശിലുള്ള സ്ഥലം വിട്ടുകിട്ടുന്നതിന് റവന്യൂ അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും ലഭ്യമായിട്ടില്ല.

പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 ലെ നിർദ്ദേശാനുസരണം 50 മൈക്രോണിൽ കുടുതലുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി കടകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും ചട്ട പ്രകാരമുള്ള ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾസ്വീകരിച്ചിട്ടില്ല. ഇതിനായി ബൈലോയും രൂപീകരിച്ചിട്ടില്ല.

വ്യാപാരികളുടെ യോഗം വിളിച്ച് ബോധവത്കരണം നടത്തിവരുന്നുണ്ടെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്.

വ്യക്തിഗത ബയോഗ്യാസ് പ്ലാന്റ്, റിംഗ് കംപോസ്റ്റ് എന്നിവയ്ക്ക് സബ്സിഡി അനുവദിച്ചു കൊണ്ട് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രാവർത്തികമാക്കുന്നതിനുള്ള ശ്രമം നടക്കുന്നുണ്ട്. തുണി സഞ്ചി നിർമ്മാണ യൂണിറ്റിന് സബ്സിഡി അനുവദിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 12804 വീടുകളിലും 1085 വ്യാപാര സ്ഥാപനങ്ങളിലും ഉത്പാദിപ്പിക്കപ്പെടുന്ന ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിച്ച് സംസ്കരിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 350000 | ക്ഷീര കർഷകർക്ക് സബ്സിഡി | 350000 | 0 |
| | | 80000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ | 71442 | 8558 |
| | | 100000 | യോഗ പരിശീലനം | 95000 | 5000 |
| | | 50000 | സ്കോളർഷിപ്പ് | 50000 | 0 |
| | | 400000 | അങ്കണവാടി പോഷകാഹാരം | 400000 | 0 |
| | | 230000 | ജൈവപച്ചക്കറി | 230000 | 0 |
| | | 1220400 | ഉഴവുകൂലി | 1220400 | 0 |
| | | 200000 | ഭൂമി വാങ്ങൽ-ജനറൽ | 0 | 200000 |
| | | 400000 | ഭൂമി വാങ്ങൽ-എസ്.സി | 0 | 400000 |
| | | 450000 | ലൈഫ് മിഷൻ | 0 | 450000 |
| ജില്ലാ | 2017-18 | 2440800 | ഉഴവുകൂലി | 2440800 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | 40000 | ജൈവപച്ചക്കറി | 40000 | 0 |
| | | 100000 | ക്ഷീര കർഷകർക്ക് സബ്സിഡി | 100000 | 0 |
| | | 136800 | സ്കോളർഷിപ്പ് | 136800 | 0 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി, കിഴക്കഞ്ചേരി | 21/18-വൈദ്യുതി ലൈൻ വലിക്കൽ | 15/21-12-2017 | 549864 | 1276200 | പ്രവൃത്തി പൂർത്തീകരിച്ചു. സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. |
| | | 16/21-12-2017 | 276081 | | |
| | | 17/21-12-2017 | 450255 | | |
| കെ.എസ്.ഇ.ബി, മുടപ്പല്ലൂർ | | 18/21-12-2017 | 191700 | പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | |
| ജല അതോറിറ്റി, പാലക്കാട് | 28/18-പൈപ്പ് ലൈൻ നീട്ടൽ | 11/17-11-2017 | 855500 | 849545 | പ്രവൃത്തി പൂർത്തീകരിച്ചു. 5955/- രൂപ തിരികെ ലഭ്യമാക്കി. |
| ജല അതോറിറ്റി, പാലക്കാട് | 259/18-അങ്കണവാടി കുടിവെള്ളം | 13/17-11-2017 | 142500 | പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(ആർ.ടി) നം. 957/10/ തസ്വഭവ തിയതി 20-3-2010 | 21840875 | 6689132 | 2054360 | - | 4634772 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2006-07 | 2009-10 | 3-7.5(1) | പിട്ടുക്കാരികുളമ്പ് ജലസംഭരണം-ഭൗതികലക്ഷ്യം കൈവരിച്ചില്ല | സമിതി വിഷയം പരിഗണിച്ചിട്ടില്ല. |
| 2006-07 | 2009-10 | 3-8.10(1) | ഭവന നിർമ്മാണ പദ്ധതി-860000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. | സമിതി വിഷയം പരിഗണിച്ചിട്ടില്ല. |

# 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 113937236 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 128277234 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 50679 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-5 | | 39679 (Fine) | ശ്രീ.ബിനേഷ്.എം, അസി.എഞ്ചിനിയർ |
| 3-16 | | 11000 | ശ്രീമതി. നജീമ. എം എച്ച്.എം, ജി.എൽ.പി.എസ്, കിഴക്കഞ്ചേരി |
| | ആകെ | 50679 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. നജീമ. എം ഹെഡ് മിസ്ട്രസ്സ്, ജി.എൽ.പി.എസ്, കിഴക്കഞ്ചേരി | ഹെഡ് മിസ്ട്രസ്സ്, ജി.എൽ.പി.എസ്, കിഴക്കഞ്ചേരി | അലിഫ് ലൈല മൻസിൽ, മുടപ്പല്ലൂർ (പി.ഒ), വണ്ടാഴി – 678705 |

| | | |
|---|---|---|
| ശ്രീ.ബിനേഷ്.എം, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് | ഊരത്ത് പള്ളിയാലിൽ വീട്, പെരുമ്പളം, കമ്പിടി(പി.ഒ), പാലക്കാട്-679553 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കുവാൻ അവേശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാ ക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
|---|---|---|
| 1997-98 | LFP.10/432/09/17-5-10 | 8 |
| 1998-99 | LFP.10/794/10/27.01.11 | 5 |
| 1999-2000 | LFP.10/795/10/27.01.11 | 3 |
| 2000-01 | LFP.10/823/10/04.05.11 | 8 |
| 2001-02 | LFP.10/922/10/18.05.11 | 8 |
| 2002-03 | LFP.10/796/10/18.01.11 | 5 |
| 2003-04 | LFP.10/797/10/18.01.11 | 5 |
| 2004-05 | LFP.10/799/10/18.01.11 | 1 |
| 2005-06 | LFP.10/800/10/11.01.11 | 3 |
| 2006-07 | LFP.10/801/10/05.02.11 | 2 |
| 2007-08 | LFP.10/1942/12/04.12.12 | 8 |

| | | |
|---|---|---|
| 2008-09 | LFP.10/1801(1)/12/21.01.13 | 6 |
| 2009-10,<br>2010-11 | LF.P10.1267/14/8.8.14 | 4 |
| 2011-12 | LF.P10.1992/14/4.12.14 | 10 |
| 2012-13,<br>2013-14,<br>2014-15 | LF.P10.1992/14/4.12.14 | 13 |
| 2015-16 | KSA.PKD.10/2301//16/28.12.2016 | 6 |
| 2016-17 | KSA.PKD.10/1493/17/16.9.2017 | 2 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കിഴക്കഞ്ചേരി

ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

2. പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ മുഴുവൻ ചെക്കുകളുടെയും തുക "കാലാവധി കഴിഞ്ഞ ചെക്കുകൾ" (Liability in respesct of stale cheque) എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

3. പാർട്ട് ബിൽ ആയി നൽകുന്ന തുകകൾ capital work in progress ആയി രേഖപ്പെടുത്തുകയും പണി പൂർത്തിയാകുന്ന മുറയ്ക്ക് അതാത് ആസ്തികളിലേയ്ക്ക് വരവ് വയ്ക്കുന്നതിനായി കണക്കാക്കുന്നതിന് സ്ഥാപനം വർക്ക്ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

5. സ്റ്റോക്ക് വാല്യൂ സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

6. വസ്തു നികുതി : വാർഷിക കണക്കും സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല.

7. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിലെ തുകയും വാർഷിക കണക്കിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

8. തനതു ഫണ്ടിനോടൊപ്പം നിക്ഷേപിച്ചിട്ടുള്ള മറ്റ് ഫണ്ടുകളുടെ അപ്രോപ്രിയേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

9. ബി-ഫണ്ട്, സെൻട്രൽ ഷെയർ എന്നിവയുടെ വരവ് രേഖപ്പെടുത്തുന്നതിനായി രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

10. ആസ്തികൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ തൻവർഷത്തേക്കുള്ള ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-2

## വിവിധ പത്രികകൾ

**1. RECEIPT AND PAYMENT STATEMENT**

| ***Code*** | ***Head Account*** | ***Schedule*** | ***Amount(Rs.)*** |
|---|---|---|---|
| **Opening Balance** | | | |
| | Bank | RP-40(a) | 22,380,234.00 |
| | Cash | RP-40(a) | 25,308.00 |

| Receipts | | | |
|---|---|---|---|
| **Operating** | | | |
| 110000000 | Tax Revenue | RP-1 | 933,830.00 |
| 140000000 | Fees & User Charges | RP-4 | 1,268,622.00 |
| 150000000 | Sale & Hire Charges | RP-5 | 202,601.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 97,347,742.00 |
| 171000000 | Interest Earned | RP-9 | 340,119.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8,687,084.00 |
| 350000000 | Other Liabilities | RP-36 | 69,585.00 |
| **Non Operating** | | | |
| 180000000 | Other Income | RP-10 | 179,752.00 |
| 340000000 | Deposits Received | RP-34 | 113,470.00 |
| 350000000 | Other Liabilities | RP-36 | 321,147.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3,815,723.00 |
| 460000000 | Loans, Advances and Deposits | RP-47 | 657,561.00 |
| **Grand Total** **136,342,778.00** | | | |
| **Payments** | | | |
| **Operating** | | | |
| 210000000 | Establishment Expenses | RP-11 | 3,164,688.00 |
| 220000000 | Administrative Expenses | RP-12 | 3,115,495.00 |
| 230000000 | Operations & Maintenance | RP-13 | 3,432,296.00 |
| 250000000 | Decentralised Plan Programme - Productive Sector | RP-15 | 8,010,365.00 |
| 251000000 | Decentralised Plan Programme - Service Sector | RP-16 | 17,892,809.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | RP-17 | 6,795,949.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | RP-18 | 194,110.00 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not i | RP-19 | 1,755,960.00 |
| 255000000 | Maintenance Projects | RP-20 | 14,088,256.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 3,000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5,869,716.00 |
| 350000000 | Other Liabilities | RP-36 | 5,760,451.00 |
| **Non Operating** | | | |
| 240000000 | Interest & Finance Charges | RP-14 | 649.00 |
| 330000000 | Secured Loans | RP-32 | 2,054,360.00 |
| 340000000 | Deposits Received | RP-34 | 138,010.00 |
| 350000000 | Other Liabilities | RP-36 | 1,925,569.00 |
| 410000000 | Fixed Assets | RP-38 | 8,818,160.00 |

| | | | |
|---|---|---|---|
| 412000000 | Capital Work In Progress | RP-40 | 26,258,209.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 17,707,070.00 |
| 460000000 | Loans, Advances and Deposits | RP-47 | 1,292,112.00 |
| **Closing Balance** | | | |
| | Bank | RP-40(b) | 7,984,532.00 |
| | Cash | RP-40(b) | 81,012.00 |
| **Grand Total** **136,342,778.00** | | | |

2. INCOME AND EXPENDITURE STATEMENT

| ***Code*** | Head Of Account | ***Schedule*** | ***Amount(Rs.)*** |
|---|---|---|---|
| | **Income** | | |
| 110000000 | Tax Revenue | I-1 | 41,59,646.00 |
| 140000000 | Fees & User Charges | I-4(b) | 13,53,022.00 |
| 150000000 | Sale & Hire Charges | I-5(b) | 2,02,601.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | I-6 | 19,27,53,799.00 |
| 171000000 | Interest Earned | I-8 | 3,40,119.00 |
| 180000000 | Other Income | I-9 | 1,79,752.00 |
| **A** | **Total-Income** | | **19,89,88,939.00** |
| | **Expenditure** | | |
| 210000000 | Establishment Expenses | I-10(b) | 1,04,87,644.00 |
| 220000000 | Administrative Expenses | I-11(b) | 31,15,495.00 |
| 230000000 | Operations & Maintenance | I-12(b) | 35,47,218.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 1,06,83,126.00 |
| 251000000 | Decentralised Plan Programme - Service Sector | I-14(a) | 3,83,73,110.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(b) | 67,95,949.00 |
| 253000000 | Decentralised Plan Programme - Projects not included in Sector | I-14(c) | 24,55,130.00 |
| | Division | | |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes | I-14(d) | 7,19,46,760.00 |
| | (not included under Decentralised Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 1,40,88,256.00 |
| 260000000 | Grants, Contributions and Compensations from Own Fund | I-15 | 3,000.00 |
| **B** | **Total-Expenditure** | | **16,14,96,337.00** |
| C = A-B | Gross Surplus/Deficit of Income over Expenditure | | **3,74,92,602.00** |
| **D=** 280000000 | Prior Period Item | I-18 | 7,74,537.00 |
| E = C-D 290000000 | Gross Surplus/Deficit of Income over Expenditure after prior period items Transfer to Reserve Funds | | **3,67,18,065.00** |
| | Net Balance being surplus/deficit carried over to Balance sheet (Panchayat Fund) | | |

**Kizhakkancherry Grama Panchayat**

**BALANCE SHEET**

**As on 31-March-2018**

| Code No. | Description of Items | Schedule No | Amount |
|---|---|---|---|
| 310000000 | **LIABILITIES**<br>**Reserve& Surplus**<br>Muncipal (General) Fund [Code No 310] | B-1 | 64505360.86 |
| 312000000 | Reserves | B-3 | 82338326.00 |
| | ***Total Reserve& Surplus*** | | **146843686.86** |
| 320000000 | **Grants,Contributions for specific purposes**<br>Grants, Funds & Contributions for Specific Purposes | B-4 | 3376443.00 |
| | ***Total Grants,Contributions for specific purposes*** | | **3376443.00** |
| 330000000 | **Loans**<br>Secured Loans | B-5 | 4634772.00 |
| | ***Total Loans*** | | **4634772.00** |
| 340000000 | **Current Liabilities and Provisions**<br>Deposits Received | B-7 | 471736.00 |
| 350000000 | Other Liabilities | B-9 | 815042.50 |
| | ***Total Current Liabilities and Provisions*** | | **1286778.50** |
| | **TOTAL LIABILITIES** | | **156141680.36** |
| 410000000 | **ASSETS**<br>**Fixed Assets** | B-11 | |

| | | | |
|---|---|---|---|
| | Fixed Assets | | 121495895.36 |
| 411000000 | Accumulated Depreciation | B-11 | (4353023.00) |
| 412000000 | Capital Work In Progress | B-11(a) | 583512.00 |
| | ***Total Fixed Assets*** | | **117726384.36** |
| 431000000 | **Current Assets,Loans and Advances**<br>Sundry Debtors (Receivables) | B-15 | 18728191.00 |
| 440000000 | Pre-paid Expenses | B-16 | 4634772.00 |
| 450000000 | Cash and Bank balance | B-17 | 8065544.00 |
| 460000000 | Loans, Advances and Deposits | B-18 | 6986789.00 |
| | ***Total Current Assets,Loans and Advances*** | | **38415296.00** |
| | **TOTAL ASSETS** | | **156141680.36** |